Vol. 21. No. 3.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

March 1923.

# വിഷയവിവരണിക

പേജ്.

1. പഞ്ചാംഗം. 49
2. മേരീമണാളകീൎത്തനം (ഗീതം) ശ്രീമാൻ ററി. കെ. വക്കി, ചേൎത്തല. 50
3. പ്രസാധകക്കുറിപ്പുകൾ. 51
4. ദിവ്യരക്ഷകന്റെ പീഡാനുഭവം. 53
നി. വ. ദിവ്യശ്രീ മാർ തോമ്മാമെത്രാനച്ചൻ തിരുമനസ്സിലെ ഇടയലേഖനം.
5. പിതൃവന്ദനാപഞ്ചകം. (പദ്യം) 55
ശ്രീമാൻ മുകളയിൽ ജോസഫ് വാദ്ധ്യാർ
6. കൊച്ചുത്രേസ്യായുടെ മരണദിവസം. 55
റവ. ഫാദർ മർസലിൻ സി. ഡി.
7. നമ്മുടെ പിതാവു മാർ യൌസേപ്പു്. 57
റവ. ജോസഫ് കൊട്ടുപ്പുറ.
8. അപ്പസ്തോലനടപടികൾ. ശ്രീമാൻ കെ. സി. വക്കി ബി. ഏ. 59
9. 'നല്ലകള്ളൻ'. റവ. ഫാദർ അലോഷ്യസ് സി. ഡി. 61
10. ഞാനും ഒരു ക്രിസ്ത്യാനിയാകുന്നു. കാപ്പിൽ കുര്യാക്കോസു ശ. റോമ്മാ. 63
11. കൎമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു്. സ്വന്തം കൊച്ചച്ചൻ 65
12. മലങ്കരസഭയും മാപ്പ്രാപ്പാമാരും. 66
13. തിരുഹൃദയ പൊതുനിയോഗം. 67
14. പുതിയ പ്രസിദ്ധീകരണങ്ങൾ, വൎത്തമാനസംഗ്രഹം. 68
15. ഔഷധക്കുറിപ്പുകൾ, മനോഗുണവിവരങ്ങൾ, ചരമവാൎത്തകൾ.

## ☞ ഞങ്ങളുടെ മാന്യവരിക്കാൎക്കു്.

1923 മീനം ഉൾപ്പടെ വരിപ്പണം അടച്ചിട്ടുള്ള കുസുമവരിക്കാൎക്കു അടുത്ത ഒരു കൊല്ലത്തെ വരിസംഖ്യ വി. പി. ചുമത്തി ഇത്തവണത്തെ മാസിക അയക്കുന്നു. സദയം സ്വീകരിച്ചു മുടമ്പറായിട്ടുതന്നെ വരിപ്പണം അയച്ചുതരുവാനപേക്ഷ. വി. പി. മടങ്ങുന്നപക്ഷം മേലാൽ മാസിക അയക്കുന്നതല്ലെന്നു വീണ്ടും ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു. മേടം ഉൾപ്പടെ പണം അടച്ചിട്ടുള്ളവൎക്കു അടുത്ത ലക്കം വി. പി. അയക്കുന്നതാണ്.

കുടിശികക്കാരായ വരിക്കാൎക്കു് ഒന്നു, അല്ലെങ്കിൽ രണ്ടുകൊല്ലത്തെ വരിസംഖ്യവീതം ചുമത്തി വി. പി. അയച്ചുതുടങ്ങിയിരിക്കയാണ്. അവർ വി. പി. മടങ്ങുന്നതായാൽ ആ വി. പി. ചെലവുക്കൂടെ അവരുടെ കണക്കിൽ ചേൎത്തു എഴുതുന്നതും, ഏതുവഴിക്കെങ്കിലും കുടിശ്ശിഖ ഈടാക്കുന്നതുവരെ അവൎക്കു മാസിക അയച്ചുകൊണ്ടിരിക്കുന്നതുമാകുന്നു. കുറേശ്ശേ ആയിട്ടു ഈവിധം കുടിശിക തീൎത്തു് കുസുമത്തിനു നഷ്ടംവരുത്താതെയും. തങ്ങൾക്കു ഉത്തരിപ്പുകടം കൂടാതെയും സൂക്ഷിക്കണമെന്നു അവരോടും അപേക്ഷിച്ചുകൊള്ളുന്നു.

മാനേജർ,

## ഉടനെ പുറപ്പെടും.

കുസുമഗ്രന്ഥാവലി, പതിനേഴാം നമ്പർ.

"പോപ്പാമത ഗ്രന്ഥവിമൎശനം"— ഒന്നാം ഭാഗം.

ദിവ്യശ്രീ നടുവത്തുശേരിൽ യാക്കോബു കത്തനാർ എഴുതിയതു്.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം ൧    ൭൨    എപ്പകത്തി ൧൩.

## ൧൮൯൨ മാർച്ച് – ൧൦൬൭ കുംഭം - മീനം.

വി. യൌസേപ്പപിതാവിൻ വണക്കമാസം.

| | | | | |
|---|---|---|---|---|
| 1 | 17 | വ്യാ | അ വേദ. തിമാത്തിയോ. (ജനുവരി ൨൪) ന. ആ. കു. പെ. | ച്യു. |
| 2 | 18 | വെ | † ന. കത്താ. തിരുവസ്ത്രം ന. ആ. കു. പെ ✻ ൧൫ (ഒ. നേ.) | ച്യു. |
| 3 ☉ | 19 | ശ | ക. വേദ. അഗ്നസ. (ജനുവരി ൨൧) ന. ആ. കു. പെ. | ച്യു. |
| 4 | 20 | ഞാ | ✠ നോമ്പു ൩-ാംഞാ. ന. കു. ആ.   ൭൫ ൭ ൨ | റോ. |
| 5 | 21 | തി | പാ. വേദ. ലൂസി ന. ആ. കു. പെ. (ഇന്നലെ) | ച്യു. |
| 6 | 22 | ചൊ | † അ. മെ. മ. ക്രുർല്ലോസ. ന. ആ. കു. പെ. | വെ. |
| | | | ഏൽത്തുരുത്തുകൊവേന്തയിൽ നാല്പതുമണി ആരാധന തുടങ്ങുന്നു. | |
| 7 | 23 | ബു | മെ. മ. തോമ്മാ. ന. ആ. കു. പെ. | വെ. |
| 8 | 24 | വ്യാ | † മെ. യോഹന്നാൻ ന. ആ. കു. പെ. | വെ. |
| 9 | 25 | വെ | † ന. ക. തിരുമുറിവുകൾ. ന. ആ. കു. പെ. ✻ ൭൫ (ഒരുനേരം) | ച്യു. |
| 10 | 26 | ശ | നാല്പതു വേദസാക്ഷികൾ (ഇന്നലെ) ന. ആ. കു. പെ. | ച്യു. |
| | | | ഇന്നു യൌ. പി. മരണതിരുനാളിനു മുമ്പുള്ള നവനാൾ തുടങ്ങുന്നു. | |
| 11 | 27 | ഞാ | ✠ നോമ്പു ൪-ാംഞാ. ന. കു. ആ.   ൭൫ ൯ ൫ | റോ. |
| | | | N. B:– ഇന്നു പീഠങ്ങളിൽ പുഷ്പങ്ങൾ ചാത്തുവാനും വാദ്യങ്ങൾ കൊട്ടുവാനും പാടുണ്ട്. | |
| 12 | 28 | തി | പാ. മ. ഗ്രിഗോരിയോസ് ന. കു. പെ. | വെ. |
| 13 | 29 | ചൊ | വേദ. വനസന്തി. കൂട്ട. (ജനു. ൨൨.) ന. ആ. കു. പെ. | ച്യു. |
| 14 | 1 | ബു | വി. പ്രംസീസ്കാ. (ഈ മാസം ൯) ന. ആ. കു. പെ. | വെ. |
| 15 | 2 | വ്യാ | ക. വേദ. എമ്മർ. (ജനുവരി ൨൩) ന. ആ. കു. പെ. | ച്യു. |
| 16 | 3 | വെ | ന. കത്താ. തിരുരക്തം ന. ആ. കു. പെ. ✻ ൭൫ (ഒരുനേരം) | ച്യു. |
| 17 ☾ | 4 | ശ | അ. മെ. പത്രീസി. ന. ആ. കു. പെ. | വെ. |
| | | | N. B:– ഇന്നു റംശാക്കുമുമ്പു റോയീസ് വസ്ത്രംകൊണ്ടു രൂപങ്ങൾ മൂടുന്നു. | |
| 18 | 5 | ഞാ | നോമ്പു ൫-ാംഞാ. ൧൮൯൨ ന. കു. ആ.   ൭൨ ൦ ൨ | റോ. |
| 19 | 6 | തി | മാർ യൌസേപ്പു. മരണം ന. കു. പെ. | വെ. |
| | | | മാന്നാനം, ചമ്പക്കുളം ഈ പള്ളികളിൽ വി. യൌ. മരണതിരുനാൾ. | |
| 20 | 7 | ചൊ | † വന. അബ്രാഹം. (ഈമാസം ൧൬) ന. ആ. കു. പെ. | വെ. |
| 21 | 8 | ബു | മെ. ബെനഡിക്ക ന. ആ. കു. പെ. | വെ. |
| 22 | 9 | വ്യാ | മെ. റൈമുന്ത (ജനുവരി ൨൦) ന. ആ. കു. പെ. | വെ. |
| 23 | 10 | വെ | † ക. മറി. വ്യാകുലം. ന. ആ. കു. പെ. ✻ ൯൫ (ഒരുനേരം) | വെ. |
| 24 | 11 | ശ | † മു. ഗൌറിയേൽമാലാ. (ഈമാസം ൧൮) ന. ആ. കു. പെ. | വെ. |
| 25 | 12 | ഞാ | നോമ്പു ൬-ാംഞാ. ൧൮൯൨ ന. കു. ആ.   ൭൨ ൧ ൨ | റോ. |
| 26 | 13 | തി | വലിയ ആഴ്ച. ന. കു. ആ. | റോ. |
| 27 | 14 | ചൊ | വലിയ ആഴ്ച. ന. കു. ആ. | റോ. |
| 28 | 15 | ബു | വലിയ ആഴ്ച ന. കു. ആ. | റോ. |
| 29 | 16 | വ്യാ | (✠) തിരുവ്യാഴം ന. കു. പെ. | വെ. |
| | | | N. B:– ൨൫൨൦ പാടുമ്പോൾ, മണികളും വാദ്യങ്ങളും കൊട്ടാം. പിന്നീടു ദുഃഖശനിയാഴ്ച ടി. സംഗീതംവരെ കൊട്ടിക്കൂടാ. കാലുകഴുകൽ എന്ന തിരുകർമ്മത്തിൽ കാർമ്മികൻ റോയീസ് നിറവും ശുശ്രൂഷകൻ വെള്ളനിറവും ധരിക്കണം. | |
| 30 | 17 | വെ | (✠) ദുഃഖവെള്ളിയാഴ്ച ന. ആ. (ഒരുനേരം) | ക. |
| 31 ☉ | 18 | ശ | ദുഃഖശനിയാഴ്ച ന. കു. ആ. (ഒരുനേരം) | വെ. |
| | | | N. B:– ഇന്നുച്ച മുതൽ പന്തക്കു. ൧-ാംഞാ. വരെ ത്രികാലജപമായി "പരലോകരാജ്ഞി" എന്ന ജപം നിന്നുകൊണ്ടു ചൊല്ലുന്നു. | |



കർമ്മലകുസുമം.

പുസ്തകം [illegible] } [illegible] മാർച്ച {ലക്കം [illegible]

## മേരിമണവാള കീർത്തനം.

തോടി രാഗം.) ("പാണ്ഡിയേ ഇന്ത മീനാക്ഷീ" എന്ന മട്ട്) (ആദിതാളം.

പാഹിമാം ദിവ്യ യൌസേപ്പേ! മാമുനേ! ധന്യനാം താതാ!
യേശുവിൻ രക്ഷിതാവേ! നീ, കാക്കണേ, ഞങ്ങളെക്കൂടി.

തൊകെഹറാ.

അരികളുടെയരിയതാം ക്രൂരതകളഖിലവും
പെരിയ കരുതലോടേ, കാത്തു നിൻ പുത്രനേയും
പരിശുദ്ധ ഭാര്യയേയും പോററി രക്ഷിച്ച നാഥാ!
പൂജ്യമാം തൃക്കുടുംബം പോൽ— യോജ്യമായ്— പാലനം ചെയ്ക.

തൊകെഹറാ.

പാകംപോൽ നാകസമമായ്, ലോകജീവിതം നയിച്ച താതാ!
അഗതികൾക്കാധാരമേ! പുണ്യഭണ്ഡാഗാരമേ!
ശുദ്ധതയുടെ ദർപ്പണമേ! സന്യാസഗേഹകവാടമേ!
മായമാം ലോകമായയാൽ— വഞ്ചിതർ— ഞങ്ങളാകായ്വാൻ.

തൊകെഹറാ.

അന്തകതന്ത്രമൂലമായ്, പാപാന്ധകാരകൂപേ നിമഗ്നരായ്
സന്തതമുഴലുമീ, ഞങ്ങൾക്കൊരാലംബമായ്
നിൻതിരുസുതനൊടു സദാ പ്രാർത്ഥിച്ചു രക്ഷിക്കണേ.
'അന്ത്യമാം' ഘോരയുദ്ധത്തിൽ— ഞങ്ങളിൽ— ചേർക്ക്തീമോദം.

ററി. കെ. വർക്കി, ചേർത്തല.

## പ്രസാധകക്കുറിപ്പുകൾ.

മീനമാസം.

ഓരോ മാസത്തേയ്ക്കും മഹത്തായ ഓരോ ആദർശങ്ങളെ തിരുസഭ നമ്മുടെ കൺമുമ്പാകെ വച്ചു തരുന്നുണ്ട്. അതിനനുസരിച്ചു നമ്മുടെ ജീവിതത്തെ നയിക്കുന്നതിന്നു നാം ശ്രമിക്കുമെങ്കിൽ എത്രയോ വേഗത്തിൽ നാം പരിശുദ്ധന്മാരായിത്തീരും! ഇതാ മീനമാസത്തിൽ വി.

യൗസേപ്പു പിതാവിൻെറ സ്മരണയാണ് സർവ്വപ്രധാനമായി നമ്മുടെ ബോധത്തിൽ എത്തുന്നത്. സാക്ഷാലുള്ള കത്തോലിക്ക കുടുംബങ്ങളിൽ എവിടെ നോക്കിയാലും ഇതു പ്രത്യക്ഷത്തിൽ കാണാവുന്നതാണ്. പുഷ്പങ്ങളാൽ അലങ്കരിക്കപ്പെട്ട ഈ പരമ മദ്ധ്യസ്ഥൻെറ ഒരു പടത്തേയും, സന്ധ്യാപ്രാർത്ഥന സമയത്തു ദീപങ്ങൾ തെളിയിച്ചു ഈ പിതാവിൻെറ സന്നിധിയിൽ സ്തോത്രവണക്കങ്ങൾ ചെയ്യുന്ന ജനക്കൂട്ടത്തേയും ഏതു കുടുംബത്തിലും കാണാം. കൂട്ടമായി ചേൎന്നു വണക്കമാസത്തിൻെറ ഓരോ തീയതികൾ വായിക്കുന്നതിനേയും, കീർത്തനങ്ങൾ പാടുന്നതിനേയും കേൾക്കാം. ഇപ്രകാരമുള്ള കുടുംബങ്ങളെ വല്ലഭനായ നമ്മുടെ പിതാവു സംരക്ഷിക്കാതിരിക്കുമോ? സ്വർഗ്ഗീയ സമാധാനത്തിൻെറ ദാനത്തെ ഈ കുടുംബങ്ങളിൽ നമ്മുടെ മദ്ധ്യസ്ഥൻ ചിന്താതിരിക്കുമോ? ഒരുനാളുമില്ല. അതിനാൽ ആശ്വാസപ്രദമായ ഈ ഭക്തകൃത്യത്തിൽ നമ്മുടെ കുടുംബങ്ങൾ സ്ഥിരമായിരിക്കട്ടെ! ഈ ലോകത്തിൽ വെച്ചു തന്നെ അതിൻെറ ഫലം അവർ അനുഭവിപ്പാനിടയാകും.

ക്രിസ്തീയവേദപഠനം.

തിരുവിതാംകൂറിലെ കഴിഞ്ഞ ജനസംഖ്യക്കണക്കിൽ ക്രിസ്ത്യാനികൾക്കു ഗണ്യമായ വർദ്ധനവു കാണുന്നുണ്ട്. ക്രിസ്ത്യേതരന്മാരായ ചിലർ ഇതേപ്പററി പരിഭ്രമിച്ചു വശായിട്ടുണ്ടെന്നു തന്നെയല്ല, അതിൻെറ കാരണങ്ങളെ തടയുന്നതിന്നുള്ള ശ്രമങ്ങളും തുടങ്ങിയിരിക്കുന്നതായിക്കാണുന്നു. ക്രിസ്തീയ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഹിന്ദുകുട്ടികൾ ക്രിസ്തുവേദപഠനം അഭ്യസിച്ചു മാനസാന്തരപ്പെടുന്നതുകൊണ്ടാണോ ഈ വർദ്ധനവെന്നത്രെ ചിലർ ശങ്കിക്കുന്നതു! ഏതായാലും ക്രിസ്തുമതപ്രബോധനങ്ങൾ അഭ്യസിപ്പിക്കപ്പെടുന്ന വിദ്യാലയങ്ങൾക്കു മേലാൽ സഹായധനമാകട്ടെ, അംഗീകരണമാകട്ടെ കൊടുത്തുകൂടെന്നു ഗവൺമെൻറിനെ ഉപദേശിക്കുന്നതിലേക്കു ഒരു ഡെപ്യൂട്ടേഷൻ ഈയിട ദിവാൻജിയുടെ പക്കൽ ചെന്നിരുന്നതായറിഞ്ഞു ഞങ്ങൾ ആശ്ചര്യപ്പെടുന്നു. ബഹിഷ്കരിക്കപ്പെട്ട വേദാഭ്യസനം അന്യ സ്ഥലങ്ങളിൽ പുനസ്ഥാപിതമായി വരുന്ന ഇക്കാലത്തു തിരുവിതാംകൂറിൽ ഇപ്രകാരമൊരു സംഗതി ആലോചനാവിഷയമായിത്തീരുന്നതു തന്നെ പരിഷ്കൃത ലോകത്തിൻെറ ആക്ഷേപത്തിനു കാരണമാകുമെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. വേദപഠനംകൂടാതെയുള്ള വിദ്യാഭ്യാസം വിദ്യാഭ്യാസമല്ലതന്നെ; ഇതാണ് ഇപ്പോൾ ലോകത്തിനു അനുഭവപ്പെട്ടുവരുന്ന തത്വം. കുട്ടികൾ അവരവരുടെ മത തത്വങ്ങൾ ചെറുപ്പം മുതൽ അഭ്യസിക്കേണ്ടതാണ്. അന്യ മതബോധനങ്ങൾ പഠിക്കുന്നതിനു ആരെയും നിർബന്ധിക്കേണ്ടതില്ല, നിർബന്ധിക്കാവുന്നതുമല്ല. തിരുവിതാംകൂറിലെ ക്രിസ്തീയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പൊതുവേയുള്ള നയം ഇതാണെന്നു ആരെയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഇതു പാടില്ലെന്നായിരിക്കുമൊ ഡെപ്യൂട്ടേഷൻെറ അപേക്ഷ? ഏതായാലും നല്ലപോലെ ആലോചിക്കാതെ മറുപടി പറയാവുന്ന ഒരു കാര്യമല്ല ഇതെന്നുള്ള ദിവാൻജിയുടെ ഉത്തരം അർത്ഥവത്തായിരിക്കുന്നു.

കൊച്ചുത്രേസ്യാ.

കൊച്ചുത്രേസ്യാ കന്യക മരിച്ചിട്ടു ഇനിയും ൨൬ സംവത്സരം തികഞ്ഞിട്ടില്ല. വന്ദനീയ എന്ന നാമധേയം ഇതിനിടകൊണ്ടുതന്നെ സിദ്ധിച്ചുകഴിഞ്ഞിട്ടുള്ളതു ഒരു അഭൂതപൂർവ്വ സംഭവമാണ്. ഇതാ അടുത്ത ഏപ്രിൽ മാസാവസാനത്തോടെ ഈ കന്യകയെ വാഴ്ത്തപ്പെട്ടവൾ (Blessed) എന്നു പേരു വിളിക്കുന്നതിനു പരിശുദ്ധ പിതാവു തീർച്ചപ്പെടുത്തിയിരിക്കുന്ന വിവരം സന്തോഷപുരസ്സരം അറിയിച്ചുകൊള്ളുന്നു.

# ദിവ്യരക്ഷകന്റെ പീഡാനുഭവം.

(നി. വ. ദിവ്യശ്രീ കുഴ്‌ഞ്ഞാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ ഇടയലേഖനം.)

"യാതൊരുത്തന്ന് എന്റെ പിന്നാലെ വരുവാൻ മനസ്സുണ്ടെങ്കിൽ അവൻ തന്നെത്തന്നെ ത്യജിച്ച് തന്റെ കുരിശു എടുത്തുകൊണ്ടു, എന്റെ പിന്നാലെ വരട്ടെ". (വി മത്തായി, ൧൬. ൨൪).

വന്ദ്യ സഹോദരന്മാരെ, സ്നേഹിക്കപ്പെട്ട മക്കളെ,

തപസ്സിന്റെയും പ്രായശ്ചിത്ത പ്രവൃത്തികളുടെയും സമയമായ ഈ നോമ്പുകാലത്തു പ്രത്യേകവിധം നമ്മുടെ ഗാഢമായ ചിന്തയ്ക്കു വിഷയീഭവിക്കേണ്ട ഒരു ദിവ്യവചനമാകുന്നു മേൽ ഉദ്ധരിച്ചതു്. നമ്മുടെ കർത്താവ് അനുഭവിച്ച ഉഗ്രതരമായ പീഡാനുഭവങ്ങളുടെ ഒരു അംശംപോലും വിചാരിച്ചറിയുന്നതിനു നമുക്കു നിവൃത്തിയില്ല. അളവുള്ള മനുഷ്യശക്തിക്കു, അളവില്ലാത്ത ഒന്നിനെ എങ്ങനെ മനസ്സിലാക്കുവാൻ കഴിയും? അവിടുത്തെ ദൈവശക്തികൊണ്ട്, ഭൂലോകത്തിലെ അതിശ്രേഷ്ഠസൃഷ്ടികളായ ലോകാരംഭംമുതൽ അവസാനംവരെയുള്ള സർവ്വമനുഷ്യരുടെയും പാപങ്ങളുടെ ബഹുത്വവും ഭയങ്കരത്വവും പൂർണ്ണമായി അറിയുന്നു. ബലഹീനമായ മനുഷ്യശരീരത്തിനു ഇതിനെ യാതൊരു പ്രകാരത്തിലും സഹിക്കുന്നതിനു നിവൃത്തിയില്ലാതെ പൂങ്കാവനത്തിൽ അവിടുന്ന് ഇതാ രക്തം വിയർക്കുന്നു. ഒരു കള്ളനെപ്പോലെ പിടിച്ചുകെട്ടി ന്യായാസനത്തിൻ മുൻപാകെ കൊണ്ടുപോകപ്പെടുന്നു. സ്രഷ്ടാവ് അവിടുത്തെ ഒരു സൃഷ്ടിയാൽ— ബലഹീനനായ ഒരു മനുഷ്യനാൽ — വിധിക്കപ്പെടുന്നു. സകലരേയും അനന്തമായ സ്നേഹത്തോടുകൂടി പരിരക്ഷിച്ചുവരുന്ന കർത്താവു നിർദ്ദയമായി ചമ്മട്ടികളാൽ അടിക്കപ്പെടുന്നു. സകല മനുഷ്യർക്കും ആനന്ദ പരിപൂർണ്ണമായ നിത്യസൌഭാഗ്യമഹത്വങ്ങളെ പ്രദാനം ചെയ്യുന്ന കർത്താവു യാതൊരു കാരണവും കൂടാതെ ഇത്രയും ദയനീയമായ സ്ഥിതിയിൽ പരിഹസിക്കപ്പെടുന്നു. നീതിമാന്മാരെ ആനന്ദസാഗരത്തിൽ നിമഗ്നമാക്കുന്ന അവിടുത്തെ തിരുമുഖത്തു നീചമനുഷ്യർ തുപ്പി, അതികഠിനമായി തന്നെ നിന്ദിക്കുന്നു. സർവ്വ പീഡാനുഭവങ്ങളും സഹിച്ച ശേഷം കള്ളന്മാരിൽ വലിയ കള്ളനായി തന്നെ കുരിശിൽ തറച്ചു കൊല്ലുന്നു.



പാപത്തിൽ നിന്നു അകന്നു സർവ്വ പുണ്യങ്ങളും സമ്പാദിക്കുന്നതിനു നമ്മെ ഏററവും ശക്തിയായി ആകർഷിക്കുന്ന ഒന്ന് നമ്മുടെ കർത്താവിന്റെ പീഡാനുഭവം അഥവാ കുരിശു മാത്രമാകുന്നു. നമ്മുടെ പാപങ്ങൾക്കുവേണ്ടി നിർദ്ദയമായി പീഡിപ്പിക്കപ്പെടുന്ന കർത്താവിനെ നാം ഓർക്കുമ്പോൾ നാം പാപം ചെയ്യുന്നതിനു എങ്ങനെ മനസ്സാകും? നമുക്കു പരമാനന്ദഭാഗ്യം തരുന്നതിനുവേണ്ടി നമ്മുടെ കർത്താവ് സർവ്വക്ലേശങ്ങളും സഹിക്കുന്നതു കാണുമ്പോൾ ഈ കർത്താവിനെ നാം ഹൃദയപൂർവ്വം സ്നേഹിക്കാതിരിക്കുന്നതെങ്ങനെ? ഒരുത്തൻ മാത്രമെ രക്ഷപെടുകയുള്ളു എന്നു വരികിലും ഈ ക്ലേശങ്ങളെല്ലാം അവനുവേണ്ടി എത്ര പ്രാവശ്യം വേണമെങ്കിലും സഹിക്കുന്നതിനു ഞാൻ സന്നദ്ധനാകുന്നു എന്നു നമ്മുടെ കർത്താവ് ഒരു പുണ്യാത്മാവിനോടു അരുളിച്ചെയ്ത തിരുവാക്യത്തിൽ നിന്ന് ഈ കർത്താവിനു നമ്മോടുള്ള സ്നേഹാധിക്യവും, ഒരു മനുഷ്യാത്മാവിന്റെ വിലയും, അതിനെ രക്ഷിക്കുന്നതിനു നമുക്കുള്ള കടമയും ഏകദേശം ഗ്രഹിക്കാവുന്നതാണല്ലൊ.

അവിടുത്തെ ശ്രേഷ്ഠമാതൃകയെ നി

ങ്ങൾ സൂക്ഷിച്ചാലും! അവിടുന്നു നിത്യപിതാവിന്റെ തിരുമനസ്സിനു പൂർണ്ണമായി കീഴ്‌വഴങ്ങി അവിടുത്തെ മഹത്വത്തിനുവേണ്ടി മാത്രം പരിശ്രമിക്കുന്നതു കണ്ടുകൊണ്ടു, നാം സകലത്തിലും ദൈവതിരുമനസ്സിനു കീഴ്പ്പെട്ടു സർവ്വതും അവിടുത്തെ മഹത്വത്തിനുവേണ്ടി മാത്രം ചെയ്യേണ്ടതാകുന്നു. രാജാക്കളുടെ രാജാവ്,– സകലത്തിന്റെയും നാഥൻ– എത്ര വലിയ അപമാനങ്ങളും പീഡങ്ങളും സഹിച്ചുകൊണ്ടു, നാം എളിമയോടും ക്ഷമയോടുംകൂടി നമ്മുടെ കുരിശു ചുമന്നു സ്വർഗ്ഗഭാഗ്യം സമ്പാദിക്കുന്നതിനു നമ്മെ ക്ഷണിക്കുന്നു. തല ചായിപ്പാൻ സ്ഥലംപോലും കിട്ടാതെ നഗ്നശരീരത്തോടുകൂടി കിടക്കുന്ന കർത്താവ് ദാരിദ്ര്യജീവിതത്തിനു നമ്മെ ഉത്സാഹിപ്പിക്കുന്നു. ചുരുക്കത്തിൽ, നമ്മുടെ കുരിശുകളെ സന്തോഷത്തോടുകൂടെ ചുമക്കുന്നതിനും, തപസ്സും പ്രായശ്ചിത്ത പ്രവൃത്തികളും മൂലം നമ്മുടെ പാപത്തിനു പരിഹാരം ചെയ്യുന്നതിനും സർവ്വ പുണ്യങ്ങളും അതിവേഗത്തിൽ സമ്പാദിക്കുന്നതിനും നമ്മുടെ കർത്താവിന്റെ കുരിശിനെക്കുറിച്ചുള്ള ധ്യാനത്തെക്കാൾ ബലവത്തായ യാതൊരുപകരണവും നമുക്കില്ല. ആരെ വിഴുങ്ങേണ്ടു എന്നു വിചാരിച്ച് അലറി പുറപ്പെട്ടിരിക്കുന്ന നമ്മുടെ നിത്യശത്രുവിനെ തോല്പിച്ചു നമ്മുടെ ജന്മദേശത്തെ സ്വാധീനമാക്കുന്നതിനു തപസ്സും പ്രാർത്ഥനയുമല്ലാതെ മറ്റു യാതൊരായുധവും നമുക്കില്ല.

ആകയാൽ, പരീക്ഷാശാലയായ ഈ ലോകത്തിലെ നമ്മുടെ ജീവിതകാലം മുഴുവനും, വിശിഷ്യ, നമ്മുടെ കർത്താവിന്റെ തപസ്സിന്റെയും പീഡാനുഭവത്തിന്റെയും കാലമായ ഈ വലിയ നോമ്പിലും, നമുക്കു നേരിടുന്ന സകലകുരിശുകളും പൂർണ്ണകീഴ്‌വഴക്കത്തോടും, നമ്മുടെ കർത്താവിനെ അനുകരിക്കുന്നതിനുള്ള അത്യാശയോടുംകൂടി നാം സ്നേഹപൂർവ്വം വഹിക്കേണ്ടതാകുന്നു. ജീവിതകാലത്തു നമുക്ക് അനുഭവപ്പെടുന്ന ഈ വിവിധങ്ങളായ കുരിശുകളാകുന്നു, ദൈവപരിപാലനത്താൽ നമുക്കു തരുന്ന അതിവിശേഷമായ തപോജീവിതമാർഗ്ഗങ്ങൾ. നാം ഈ കുരിശുകളുടെ ഭാരത്തിൽനിന്ന് ഒഴിയാൻ ശ്രമിക്കുകയും, ഇവയെ വെറുക്കുകയും ചെയ്യുന്നു എങ്കിൽ പലപ്പോഴും വലിയ കുറ്റക്കാരാകുകയും ഈ കുരിശുകളുടെ ഭാരത്തെ പൂർവാധികം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

കുരിശുകളുടെ ഭാരത്തെ ലഘുപ്പെടുത്തുന്നതു സ്നേഹം ഒന്നുമാത്രമാകുന്നു. കർത്താവിനെ സ്നേഹിക്കുന്നവർ, "എന്റെ നുകം ഇൻപമുള്ളതും, എന്റെ ചുമടു ലഘുവായുള്ളതുമാകുന്നു" എന്ന് അവിടുത്തെ ദിവ്യവചനത്തിന്റെ യഥാർത്ഥാവസ്ഥയെ നല്ലവണ്ണം അറിയുന്നു. പുണ്യവാന്മാരെല്ലാവരും അതികഠിനമായ പീഡാനുഭവങ്ങളും പ്രായശ്ചിത്തപ്രവൃത്തികളും നിഷ്പ്രയാസം സ്വീകരിച്ചതു സ്നേഹം ഒന്നുകൊണ്ടു മാത്രമായിരുന്നു. സ്നേഹം നിമിത്തം പീഡാനുഭവങ്ങൾ അവർക്കു ആനന്ദകരമായിരുന്നു. നാമും നമുക്കുവേണ്ടി ഇത്രവലിയ ക്ലേശങ്ങൾ സഹിച്ച കർത്താവിനോടുള്ള സ്നേഹംമൂലവും, നമ്മുടെ പാപ പരിഹാരത്തിനായും നമുക്കു നേരിടുന്ന കഷ്ടതകളെ ക്ഷമാപൂർവ്വം സഹിക്കുന്നതിനും പുറമെ, പ്രായശ്ചിത്ത പ്രവൃത്തികളാൽ നമ്മുടെ കർത്താവിനെ അനുകരിക്കേണ്ടതാകുന്നു. മഹത്വത്തിൽ വിശേഷവിധം ഓഹരിക്കാരാകുന്നതിനു, കഷ്ടതകളിൽ പ്രത്യേകവിധം പങ്കുകൊള്ളേണ്ടതാകുന്നു. ആരംഭത്തിൽ കുരിശുകളുടെ ഭാരം ദുസ്സഹമായി തോന്നിയേക്കാമെങ്കിലും, നമ്മുടെ കർത്താവു നമ്മോടുള്ള സ്നേഹം നിമിത്തം സ്വീകരിച്ച പീഡാനുഭവാധിക്യത്തെ നാം ഹൃദയപൂർവം ചിന്തിക്കുന്നെങ്കിൽ നമുക്കു നേരിടുന്ന കുരിശുകൾ മാത്രമല്ല, വലിയ തപസ്സും കഠിനമായ പ്രായശ്ചിത്ത പ്രവൃത്തികൾപോലും നമുക്കു എത്രയോ മാധുര്യമുള്ളവയായിരിക്കും.

വന്ദ്യസഹോദരന്മാരെ, സ്നേഹിക്കപ്പെട്ട മക്കളെ! അയതിനാൽ, കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്ന കർത്താവിനെ നിങ്ങൾ സൂക്ഷിപ്പിൻ. അവിടുത്തെ ദിവ്യഛായ എല്ലായ്പോഴും നിങ്ങളുടെ ഹൃദയത്തിലുണ്ടായിരിക്കട്ടെ. നിങ്ങളുടെ സർവ പ്രവൃത്തികളും അവിടുത്തെ മഹത്വത്തിനായി പ്രതിഷ്ഠിപ്പിൻ. ഈ നോമ്പു

കാലത്തിൽ, നമ്മുടെ മാതാവായ തിരുസഭ കല്പിച്ചിരിക്കുന്ന മാംസവർജ്ജനം, ഉപവാസം ആദിയായവ ശരിയായി അനുസരിക്കുകയും മദ്യപാനം, അമിതഭോജനം ആദിയായ ഭയങ്കരദുഹേതുക്കളെ പൂൎണ്ണമായി പരിത്യജിക്കുകയും ആഡംബരങ്ങളിൽ നിന്നും സുഖാനുഭോഗങ്ങളിൽ നിന്നും കഴിയുന്നടത്തോളം ഒഴിഞ്ഞിരിക്കുകയും ചെയ്യുവിൻ. ഈ കൎത്താവിൻെറ സ്നേഹം, അനുസരണം, ദാരിദ്ര്യം, എളിമ, സാധുത്വം, പരിത്യാഗം ആദിയായ പുണ്യങ്ങളെ പ്രത്യേക വിധം സമ്പാദിച്ചുകൊണ്ടു യഥാൎത്ഥ ക്രിസ്ത്യാനികളായിത്തീരുന്നതിനും തൽഫലമായി സ്വൎഗ്ഗത്തിൽ അത്യുന്നതമായ മഹത്വം നിത്യം അനുഭവിക്കുന്നതിനും കുരിശിൽ തറയ്ക്കപ്പെട്ട നമ്മുടെ കൎത്താവിൻെറ പീഡാനുഭവം നിങ്ങളെ സഹായിക്കട്ടെ.

ബാവായുടെയും പുത്രൻെറയും റൂഹാദക്കുദശായുടെയും നാമത്തിൽ, ആമ്മേൻ.

## പിതൃവന്ദനാപഞ്ചകം.

ഭൂവിങ്കലുള്ള രുജ നീക്കിയമേയസൌഖ്യം
ഹാ! വിഘ്നമററു ചൊരിയുന്നതിനായി മുന്നം
രാവിൽത്തൊഴുപ്പുരയിലിങ്ങു ജനിച്ച ദൈവം
സേവിച്ചതാത! മമനാവിൽവിളങ്ങിടേണം. 1

ലോകാധിനാഥ പരിപാവനജീവിതത്തി-
ലേകാന്തസൌഖ്യമവിടേക്കു കൊടുപ്പതിന്നായ്
ശ്രീകാശ്യപീമകുടമായ് വിജയിച്ച യൌസേ-
പ്പാകാമ്യയററ വരമിന്നിവനേകിടട്ടെ! 2

പുല്ലിൽ പിറന്ന ജഗദീശനു വേണ്ടതെല്ലാ-
മല്ലിൽ പ്രമോദമൊടു നൽകിയ താത! വേഗം
മെല്ലിച്ച ചിത്തമിവനുള്ളതു നിൻകടാക്ഷ-
ത്തല്ലിൽത്തെളിക്ക കുമുദം ശശിയെന്നപോലെ. 3

ദുഷ്ടതപമാന്ന ബലിമന്നവനന്നു ഹേറോ-
ദിഷ്ടംവളൎന്നു നിഖിലേശനു മൃത്യു ചെയ്വാൻ
കഷ്ടം! ചൊടിച്ചു പല വേല തുടൎന്നതെല്ലാം
നഷ്ടപ്പെടുത്തിയൊരു താത! തുണയ്ക്കണംമാം. 4

കൃത്യപ്പടിക്കു തവസൂനു ഗുണാഢ്യനായി-
നിത്യം വളൎന്നു വരികെന്നതു കാൺകമൂലം
മത്യന്തരേ കുതുകമാൎന്നൊരു താത! ചേലിൽ
സത്യം തുടങ്ങുമൊരുസൽഗുണമേകണംമേ! 5

മുകളയിൽ ജോസഫ് വാദ്ധ്യാർ.

## കൊച്ചുത്രേസ്യായുടെ മരണദിവസം.

൧൮൯൭ൻെറ സെപ്റ്റംബർ ൩൦-ാം നു- വ്യാഴാഴ്ചയായിരുന്നു വന്ദനീയ കൊച്ചുത്രേസ്യാ കന്യകയുടെ ലോകജീവിതത്തിൻെറ അന്തിമ ദിവസം. അന്നു പ്രഭാതത്തിൽ ഈ സ്രാപ്പെസ്തുപ്പെട്ട കന്യക പരിശുദ്ധ മാതാവിൻെറ സ്വരൂപത്തെ നോക്കിക്കൊണ്ട് തൻെറ ഭൌമ്യജീവിതത്തിലെ അവസാന രാത്രിയെപ്പററി ഇപ്രകാരം പറകയുണ്ടായി: "ഹാ! ഞാൻ അവിടുത്തെയടുക്കൽ എത്ര തീക്ഷ്ണതയോടുകൂടിയാണു പ്രാൎത്ഥിച്ചത്. എന്നുവരികിലും അല്പം ആശ്വാസംപോലും എനിക്കുണ്ടായില്ല. രാത്രി മുഴുവനും മരണവേദനതന്നെയായിരുന്നു. ഭൂമിയിലെ വായു എനിക്കു ഇല്ലാതായി വരുന്നുവെന്നു എനിക്കറിയാം. ഇനി സ്വൎഗ്ഗീയവായു ശ്വസിക്കുന്നതു എപ്പോഴാണ്."

ഏതാനും ആഴ്ചവട്ടങ്ങളായി ഈ പുണ്യവതിക്കു കട്ടിലിൽ നിന്നു എഴുന്നേററിരിപ്പാൻ പാടില്ലായിരുന്നു എന്നുവരികിലും അന്ന് ഉച്ചതിരിഞ്ഞു രണ്ടര മണിയായപ്പോൾ തനിയെ എ

ഴുന്നേററിരുന്നു വിളിച്ചു പറഞ്ഞതായതു്: "പ്രിയപ്പെട്ട അമ്മേ! കാസാ മുഴുവനും നിറഞ്ഞു കവിഞ്ഞിരിക്കുന്നു. ഇത്ര ഉഗ്രമായ വേദന സഹിപ്പാൻ എനിക്കു കഴിവുണ്ടാകുമോ എന്നു ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല. ആത്മാക്കളെ രക്ഷിക്കുന്നതിനുള്ള എൻെറ അന്ത്യമായ ആഗ്രഹംകൊണ്ടു മാത്രമേ ഇവ സഹിപ്പാൻ എനിക്കു സാധിക്കുകയൊള്ളു" അല്പം കഴിഞ്ഞിട്ടു വീണ്ടും ഇപ്രകാരം പറഞ്ഞു. "അതെ പാടുപെടുന്നതിനുള്ള എൻെറ ദാഹത്തെപ്പററി ഞാൻ എഴുതീട്ടുള്ളതെല്ലാം വാസ്തവത്തിൽ സത്യമായിട്ടുള്ളതാണു്. സ്നേഹത്തിനു എന്നെ മുഴുവനും ഒഴിഞ്ഞുകൊടുത്തതിനെപ്പററി എനിക്കു സന്തോഷംമാത്രമേയൊള്ളു". ഈ കടശിയിലത്തെ വാക്കുകൾ പുണ്യവതി പലപ്രാവശ്യം ആവർത്തിച്ചു. അനന്തരം വീണ്ടും ശ്രേഷ്ഠത്തിയമ്മയോടു്, "അമ്മേ! നല്ലവണ്ണം മരിപ്പാൻ എന്നെ തയാറാക്കണമെ" എന്നു പറഞ്ഞു. ഉത്തരമായി ശ്രേഷ്ഠത്തിയമ്മ ഇപ്രകാരം പറഞ്ഞു ദീനക്കാരിയെ ധൈര്യപ്പെടുത്തി. "എൻെറ കുഞ്ഞേ! ദൈവതിരുമുമ്പിൽ കാണപ്പെടുന്നതിനു നിനക്കു വേണ്ടുന്ന ഒരുക്കങ്ങളുണ്ടു്. എന്തുകൊണ്ടെന്നാൽ നിങ്ങൾ എല്ലാപ്പോഴും എളിമയെന്ന പുണ്യം എന്താണെന്നു ഗ്രഹിച്ചിട്ടുണ്ടല്ലൊ. അപ്പോൾ കൊച്ചുത്രേസ്യാ ഹൃദയംഗമമായ വാക്കുകളാൽ തന്നെക്കുറിച്ചുതന്നെ സാക്ഷിച്ചു. "അതെ എനിക്കും ഇപ്രകാരംതന്നെ തോന്നുന്നുണ്ടു്. എൻെറ ആത്മാവു എല്ലാപ്പോഴും സത്യത്തെയാണു അന്വേഷിച്ചിട്ടുള്ളതു്. എളിമയെന്ന പുണ്യത്തെ ഞാൻ നല്ലവണ്ണം മനസ്സിലാക്കീട്ടുമുണ്ടു്.

നാലരമണിയായപ്പോൾ നമ്മുടെ സുകൃതിനിയുടെ മരണവേദന അതായതു് ദൈവസ്നേഹബലിയായിത്തീർന്ന ഈ പുണ്യവതിയുടെ മരണവ്യഥ ആരംഭിച്ചു. കന്യാസ്ത്രീകളെല്ലാവരും തൻെറ ചുററും വന്നുകൂടി. അപ്പോൾ മാധുര്യമേറിയ പുഞ്ചിരിസമേതം എല്ലാവരോടും നന്ദി പ്രദർശിപ്പിച്ചശേഷം തന്നെ മുഴുവനും സ്നേഹത്തിനും കഷ്ടാനുഭവങ്ങൾക്കും ഏല്പിച്ചുകൊടുക്കയും തൂങ്ങപ്പെട്ട രൂപം, തളർന്നു വീണുപോയിരുന്ന കരങ്ങളിൽ മുറുകെ പിടിച്ചുകൊണ്ടു് അന്ത്യപോരാട്ടത്തിൽ പ്രവേശിക്കയും ചെയ്തു. മരണവിയർപ്പു നെററിയിൽ തുള്ളിതുള്ളിയായി പ്രത്യക്ഷപ്പെട്ടു... പുണ്യവതിയുടെ ദേഹം വിറച്ചുതുടങ്ങി.... എന്നുവരികിലും തുറമുഖത്തു്, എത്താറായിരിക്കുന്ന ഒരു കപ്പലിലെ അമരക്കാരൻ, കൊടുങ്കാററുകളുടെ ഉഗ്രതകൊണ്ടുപോലും എപ്രകാരം അധൈര്യപ്പെടാതിരിക്കുന്നുവോ അപ്രകാരംതന്നെ ഈ കന്യാമണി തൻെറ വിശ്വാസക്കപ്പൽ മോക്ഷതുറമുഖത്തടുക്കാറായിരുന്നതുകൊണ്ടും, ആ തുറമുഖത്തിലെ വെളിച്ചം കണ്ടുകൊണ്ടിരുന്നതുകൊണ്ടും അശേഷം അധൈര്യപ്പെടാതിരുന്നു. സായംകാലത്തിലെ കുരിശുമണി കൊട്ടിയപ്പോൾ സമുദ്രതാരമായ അമലോത്ഭവകന്യകയുടെ സ്വരൂപത്തെ അനിർവ്വാച്യമായ വിധത്തിൽ സൂക്ഷിച്ചുനോക്കി ഇപ്രകാരം പ്രാർത്ഥിച്ചു. എൻെറ ജീവിതോദയത്തിങ്കൽ എന്നെ കരുണാപുരസ്സരമായ പുഞ്ചിരിസമേതം തൃക്കൺപാർക്കാനെഴുന്നെള്ളിയ മാതാവേ! അവിടുന്നു് ഒന്നുകൂടി എഴുന്നെള്ളിവന്നു് എന്നെ ആശ്വാസിപ്പിക്കേണമെ. എന്തുകൊണ്ടെന്നാൽ ഇപ്പോൾ എൻെറ ജീവിതം അസ്തമിക്കാറായിരിക്കുന്നു.

ഏഴു മണിയടിച്ചു് ഏതാനും വിനാഴികയായപ്പോൾ ശ്രേഷ്ഠത്തിയമ്മയുടെ നേരെ തിരിഞ്ഞു, "അമ്മെ! ഇപ്രകാരമല്ലയോ മരണവേദന? ഞാൻ മരിക്കാൻ പോകയല്ലയൊ?". "അതേ, എൻെറ കുഞ്ഞേ! ഇതു മരണവേദനതന്നെയാണെങ്കിലും ഈശോ, ഒരു പക്ഷേ കുറേ നേരത്തേക്കുകൂടി അതു ദീർഘിപ്പിച്ചേക്കാം" എന്നു പറഞ്ഞു. അപ്പോൾ കർണ്ണാനന്ദവും അനുതാപദായകവുമായ സ്വരത്തിൽ "എന്നാൽ വളരെ നന്നായിരിക്കുന്നു. എൻെറ വേദന കുറയണമെന്നു എനിക്കു ഇച്ഛയില്ല" എന്നു പറഞ്ഞതിൻെറശേഷം ക്രൂശിക്കപ്പെട്ട രൂപത്തെ ഉററു സൂക്ഷിച്ചുകൊണ്ടു് "ഞാൻ അങ്ങേ സ്നേഹിക്കുന്നു.... എൻെറ ദൈവമേ! ഞാൻ... അങ്ങേ... സ്നേഹിക്കുന്നു എന്നുച്ചരിച്ചു. ഇതു പുണ്യവതിയുടെ അവസാന വാക്കുകളായിരുന്നു. ഇവ ശബ്ദിച്ചയുടനെ വാളിനു തലചായിച്ചുകൊടുക്കുന്ന

രക്തസാക്ഷിയുടെ മാതിരിയിലോ, അഥവാ ദിവ്യവില്ലാളിയുടെ അഗ്നിമയമായ അസ്ത്രത്താൽ എയ്യപ്പെട്ടു മരിക്കുന്നതിനു പ്രതീക്ഷിച്ചിരിക്കുന്ന സ്നേഹബലി പോലെയൊ നമ്മുടെ ധീരവതി കാണികൾ ഏവരും ആശ്ചര്യഭരിതരാകുവാൻ തക്കവണ്ണം പെട്ടെന്നു തളർന്നു വലത്തുവശത്തേക്കു തല ചായിച്ചു. മാത്ര കഴിഞ്ഞപ്പോൾ ഏതോ ഒരു രഹസ്യ സ്വരം തന്നെ വിളിച്ചാലെന്നതുപോലെ തല ഉയർത്തി കണ്ണു തുറന്നുകൊണ്ടു സന്തോഷവും സമാധാനവും പരിലസിക്കുന്നതായ മുഖപ്രസന്നതയോടുകൂടി പരിശുദ്ധ മാതാവിന്റെ സ്വരൂപത്തിന്മേൽ സൂക്ഷിച്ചു നോക്കി. ഈ സ്ഥിതിയിൽ ഏകദേശം ഒരു വിശ്വാസപ്രമാണത്തിന്റെ നേരത്തോളം കഴിഞ്ഞപ്പോൾ, തന്റെ ഭാഗ്യപ്പെട്ട ആത്മാവു് സ്വർഗ്ഗീയ രാജാവാകുന്ന വില്ലാളിയുടെ അസ്ത്രത്തിനു് ഇരയായിത്തീരുകയും ഉന്നത പരമണ്ഡലങ്ങളിലേക്കു എടുത്തുകൊണ്ടു പോകപ്പെടുകയും ചെയ്തു.

ഫാദർ മർസലിൻ സി. ഡി.

# നമ്മുടെ പിതാവായ മാർ യൗസേപ്പ്

തിരുക്കുടുംബത്തിന്റെ തലവനും തിരുസഭാ സംരക്ഷകനും മഹാത്മാവുമായ മാർ യൗസേപ്പു പുണ്യപിതാവിനോടുള്ള വണക്കം, തിരുസഭയുടെ അതീതകാലങ്ങളിൽ ആരംഭിച്ചിട്ടുള്ളതും അനന്തര ശതാബ്ദങ്ങളിലെ നിരന്തരമായ ആരാധന സ്തോത്രങ്ങളാൽ സംപൂർണ്ണമായിത്തീർന്നിട്ടുള്ളതുമാണ്.

തന്റെ വളർത്തുപിതാവിനോടു മിശിഹായ്ക്കുണ്ടായിരുന്ന അനിതരസാധാരണമായ ആദരവോടുകൂടി ഈ വണക്കവും ആരംഭിച്ചു. അപ്പസ്തോലിക കാലങ്ങളിലേക്കാൾ ഒട്ടും കുറവല്ലാത്തവിധം ഈ വണക്കം ഏതൽക്കാലപര്യന്തം നിർവ്വിഘ്നം പ്രചരിച്ചു വരുന്നെന്നു പ്രഥമ ശതാബ്ദങ്ങളും മദ്ധ്യയുഗങ്ങളേപ്പോലെ അനന്തരകാലങ്ങളും വെളിവായി കാണിക്കുന്നുണ്ടു്.

പൌരസ്ത്യരാജ്യങ്ങളിൽ വി. ക്രീസോസ്തോമും, പാശ്ചാത്യ ദേശങ്ങളിൽ വി. അംബ്രോസീസും തങ്ങളുടെ പ്രശംസനീയമായ പ്രസംഗകീർത്തനങ്ങളാൽ വി. യൗസേപ്പു പുണ്യവാന്റെ അന്യാദൃശമായ അവകാശ പരമ്പരകളെ ഉദാരമായുൽഘോഷിച്ചിരിക്കുന്നു. മദ്ധ്യയുഗങ്ങളിലെ ദൈവികധ്വനിയായ വി. ബർണ്ണാർദ്ദ ഈ പുണ്യപിതാവിന്റെ സുകൃതാലങ്കാരങ്ങളേയും അത്യുന്നതാധികാരങ്ങളേയും വിശേഷവിധിയായി വർണ്ണിക്കുന്നു. ഇദ്ദേഹത്തെ ഏവരുടേയും സർവ്വപ്രധാനമായ സംരക്ഷകനായും ആപ്തമിത്രമായും ആദരിക്കണമെന്നു്, ശാസ്ത്രജ്ഞനായ ജേർസൊൺ (Gerson) ഉപദേശിച്ചുൽബോധിപ്പിക്കുന്നു. പൂർവ്വനിയമത്തെ പൂട്ടി പുതിയനിയമത്തെ തുറന്ന മദ്ധ്യസ്ഥനായ മാർ യൗസേപ്പിന്റെ ശ്രേഷ്ഠതയും മാഹാത്മ്യവും പ്രോൽഘോഷിക്കുന്നതിൽ, സീയന്നായിലെ വി. ബെർണ്ണർദീനോസു പ്രത്യേകപ്രീതി പ്രദർശിപ്പിക്കുന്നുണ്ടു്. ഭൂലോകമാസകലം മാറ്റൊലി കൊള്ളിക്കുമാറു്, വത്തിക്കാൻ വസതിയിൽ നിന്നുള്ള അപ്രമാദിത വിധിയുടെ സ്വരത്താൽ, ദൈവമാതാവിന്റെ പരിശുദ്ധ ഭർത്താവായ മാർ യൗസേപ്പു് സമസ്ത കത്തോലിക്കാസഭയുടെ സംരക്ഷകനും വിശ്വാസികളേവരുടേയും കാവൽക്കാരനുമായി പ്രഖ്യാപനം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇപ്രകാരം ആധുനിക ശതാബ്ദത്തിനു പ്രസ്തുത പ്രശംസനീയമായ വണക്കത്തിന്റെ വികസിതഫലങ്ങളെ പുറപ്പെടുവിക്കുവാനുള്ള ഭാഗധേയം സിദ്ധിച്ചിരിക്കുന്നതിനാൽ നാമേവരും പ്രത്യേകവിധത്തിൽ അനുഗ്രഹീതരെന്നു അനുമാനിക്കേണ്ടതാണ്.

ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തോടും മാർ യൌസേപ്പുപുണ്യപിതാവിനോടുമുള്ള വണക്കങ്ങൾ തമ്മിൽ അനേക തരത്തിൽ അടുത്ത ചാർച്ചയില്ലാതില്ല. മാതാവു ക്ഷോഭിച്ചിരിക്കുന്ന ഈ ലോകസാഗരത്തിലെ തേജോമയമായ നക്ഷത്രമായി. നാമേവരേയും ആനയിക്കുന്നു എങ്കിൽ, പ്രസ്തുത സാഗരത്തിൽ നമ്മേ വഹിച്ചുകൊണ്ടുപോകുന്ന വാഹനത്തിന്റെ മാലുമി (നായകൻ) എന്ന സ്ഥാനത്തിൽ നമ്മുടെ പരിശുദ്ധ പിതാവാണു നിയമിക്കപ്പെട്ടിരിക്കുന്നതു്. മാതാവിനുണ്ടായിട്ടുള്ള ദൈവാനുഗ്രഹങ്ങൾ അപാരങ്ങളാകുന്നതുപോലെ, മാർ യൌസേപ്പു പുണ്യപിതാവിന്റെ അത്യുന്നതാവകാശങ്ങളും അസംഖ്യങ്ങളാണ്. നന്മ നിറഞ്ഞവളെന്നു മാതാവ് ദൈവദൂതനാൽ ആഭിവാദ്യം ചെയ്യപ്പെട്ടപ്പോൾ, നീതിമാനെന്നു മാർ യൌസേപ്പു റൂഹാദക്കുദശായാൽ പ്രശംസിക്കപ്പെട്ടിരിക്കുന്നു. കന്യകമറിയം മിശിഹായുടെ മാതാവാകുന്നതുപോലെ, വിശുദ്ധ യൌസേപ്പു മിശിഹായുടെ വളർത്തുപിതാവും കാവൽക്കാരനുമാണ്. ഇരുവരും നമുക്കുവേണ്ടി ദൈവതിരുസന്നിധിയിൽ മാദ്ധ്യസ്ഥം പറകയും, ഒരാൾ മാതൃനിർവ്വിശേഷമായ ശുഷ്കാന്തി കാണിക്കവേ, മറെറാരാൾ പിതൃനിർവ്വിശേഷമായ പ്രേമത്തോടെ സഹായിക്കയും ചെയ്തുകൊണ്ട് ആർദ്രതയോടെ അതുല്യങ്ങളായ തുണകൾ ചെയ്തുംചെയ്തു പോരുന്നു. മാതാവ് ദേഹദേഹികളോടെ മോക്ഷത്തിൽ കരേറപ്പെട്ടു എന്നു തിരുസഭ പഠിപ്പിക്കുന്നെങ്കിൽ, മാർ യൌസേപ്പു പുണ്യപിതാവും അപ്രകാരമിന്നു മോക്ഷാനന്ദത്തിൽ മരുവുന്നുണ്ടെന്നു ഒന്നിലധികം പുണ്യവാന്മാരുടെ അനിഷേദ്ധ്യങ്ങളായ വചനങ്ങൾ സാക്ഷീകരിക്കുന്നു.

"എത്രയും ദയയുള്ള മാതാവേ!" എന്ന ജപത്തിൽ, 'നിന്റെ ഉപകാരസഹായമപേക്ഷിച്ച് ഈ അപേക്ഷയുടെ സഹായത്തെ ഇരന്നവരിൽ ഒരുവനെങ്കിലും നിന്നാൽ കൈവിടപ്പെട്ടു എന്ന് ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല' എന്നു മാതാവിനോടുള്ള ഭക്തിയിൽ അതിശയനീയനായ ബെർണ്ണാർദ്ദു പുണ്യവാൻതന്നെ വിലമതിക്കത്തക്ക വാക്കുകളാൽ സാക്ഷീകരിക്കുന്നുണ്ടെങ്കിൽ, മാർ യൌസേപ്പുപിതാവും തന്റെ സേവകരുടെ യാചനകളെ യാതൊരിക്കലും സന്ത്യജിക്കുകയില്ലെന്ന് ഈ പിതാവിന്റെ നേരെയുള്ള ഭക്തിയിൽ അദ്വിതീയയായി അറിയപ്പെടുന്ന വാനാരൂപിക്കടുത്ത (Seraphic St. Teresa) ത്രേസ്യാപുണ്യവതിയും സ്വഹസ്തലിഖിതചരിത്രത്തിൽ ധൈർയ്യസമേതം ഉറപ്പു നൽകുന്നുണ്ട്. ഇതില്പരിയായ സാക്ഷ്യവും ഉറപ്പും എവിടെനിന്നാണു ഇനി കൊണ്ടുവരുവാനുള്ളതു്? തിരുക്കുടുംബശ്രേഷ്ഠനായിരുന്ന നമ്മുടെ പിതാവിന്റെ ഉന്നത സ്ഥാനമാനപദവിമാത്രം വിശ്വാസികൾക്കു മതിയായ ശരണഹേതുവെന്നു ഏതു ക്രിസ്തീയനോടാണ് വിശേഷാൽ പറഞ്ഞറിവിക്കേണ്ടതു്?

മിശിഹായുടെ വളർത്തുപിതാവെന്നപോലെ, നാമേവരുടേയും പിതാവുമായ മാർ യൌസേപ്പു പുണ്യാത്മാവ്, ജനനം മുതൽ മരണം വരെ വിവിധ നിലകളിലുള്ളവർക്കും മാർഗ്ഗവും, സഹായിയും, രക്ഷാകർത്താവും പ്രാണനാഥനുമായിട്ടത്രേയിരിക്കുന്നതു്. ക്രീസ്തുവിന്റെ പൈതൽപ്രായത്തെ സംരക്ഷിച്ച കാവൽക്കാരനേക്കാൾ കൂടുതലായി പൈതങ്ങളുടെ പരിപാലകനായിട്ടൊരാളെവിടെ? ജീവിതത്തിലെ ദുർഘടഘട്ടമായ യൌവ്വനത്തിന്റെ മാർഗ്ഗദർശിയായി, മിശിഹായുടെ യൌവ്വനദശയെ നിയന്ത്രിച്ച ഒരാളെപ്പോലെ മററാരുമുണ്ടാകാനില്ല. പരിശുദ്ധ മറിയത്തിന്റെ കന്യാത്വത്തെ കാത്ത മാർ യൌസേപ്പു പിതാവ് കന്യാവ്രതക്കാരേവരുടേയും നാഥനായിരിക്കുന്നതും അന്വർത്ഥമമത്രേ. തിരുക്കുടുംബത്തലവനായ ഈ പുണ്യപിതാവ് ഗൃഹസ്ഥവൃത്തിയിലുള്ളവരുടേയും അധികാരികളുടേയും ഒരുത്തമാദർശംതന്നെ. സ്വന്ത കൈകൊണ്ടു മരപ്പണിചെയ്തുപജീവനം കഴിച്ചിരുന്ന മാർ യൌസേപ്പിനെ, കാലക്ഷേപമാർഗ്ഗങ്ങളിലുൾപ്പെട്ടു വേല ചെയ്യുന്നവർ തങ്ങളുടെ സംരക്ഷകനായും മാതൃകയായും എടുത്തുകൊള്ളട്ടെ. അവസാനമായി നമ്മുടെ ആയുസ്സിന്റെ അന്ത്യമടുക്കുമ്പോൾ, ഈശോ മറിയത്തിന്റെ സഹായപ

രിചരണങ്ങളാസ്വദിച്ച് സമാധാനമായ മരണത്തിൽ മയങ്ങി ലയിച്ച മാർ യൌസേപ്പുപിതാവിൻെറ സഹായഫലത്താൽ, തൻെറ നൽമരണമാതൃകയ്ക്കൊപ്പം "ഈശോ മറിയം യൌസേപ്പ്" എന്നീ ത്രിനാമജപത്തോടെ നിത്യനിദ്രയാകുന്ന മരണത്തിൽ ജീവിതം കയ്യാളിക്കുന്നതിനു പ്രാപ്തരാകുവാനും, നന്മരണമദ്ധ്യസ്ഥനായ നമ്മുടെ പുണ്യപിതാവു തന്നെ തുണയായിരിക്കുന്നു. ആകയാൽ മാർ യൌസേപ്പുപുണ്യപിതാവിനോടു ഏതൽസാദ്ധ്യാർത്ഥം അനുദിനവും മാർച്ചുമാസത്തിൽ പ്രത്യേകമായും ഏവരും പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു.

"മാർ യൌസേപ്പുപുണ്യവാൻെറ മാദ്ധ്യസ്ഥത്തിനുള്ള ശ്രദ്ധമായ സാഫല്യവും ഗുണപ്രാപ്തിയും അനുഭവസിദ്ധമാക്കികൊൾക" എന്ന വിശുദ്ധ ത്രേസ്യാപുണ്യവതിയുടെ വാക്കുകളെത്തന്നെ ഉദ്ധരിച്ചുകൊണ്ട് ഉപസംഹരിച്ചുകൊള്ളട്ടെ.

റവ. ജോസഫ് കൊട്ടപ്പന.

# അപ്പസ്തോല നടപടികൾ.

## II.

ഈ ഘട്ടത്തിലാണ് മിശിഹായിൽനിന്ന് തൻെറ ശിഷ്യന്മാക്കു ലഭിച്ച മൂന്നാമത്തെ വാഗ്ദാനം നിവൃത്തിയാകാൻ തുടങ്ങുന്നതു്. ഈ വചനം, അപ്പസ്തോലന്മാർ തങ്ങളുടെ യജമാനനെപ്പോലെ കഷ്ടാനുഭവം സഹിക്കണമെന്നുള്ളതായിരുന്നു. ഇതിനെ പൃത്തീകരിക്കുന്ന പലസംഭവങ്ങൾ 'അപ്പസ്തോല നടപടി'കളിലുണ്ട്. ശ്ലീഹന്മാർ മിശിഹായുടെ നാമത്തിൽ പ്രസംഗിക്കയും അത്ഭുതം പ്രവർത്തിക്കയുംമററും ചെയ്തു ജനങ്ങളെ മാനസാന്തരപ്പെടുത്തുന്നതിനെക്കണ്ട് കുപിതരായ യൂദജനങ്ങളും അവരുടെ അധികാരികളും കൂടി പത്രോസിനേയും പൗലോസിനേയും ബന്ധനസ്ഥരാക്കി ഭയപ്പെടുത്തി. വീണ്ടും അവർ അപ്പസ്തോലന്മാരെ പിടികൂടി കാരാഗൃഹത്തിൽ അടച്ചു. ഇത്തവണ ഒരു ദൈവദൂതൻ അവരെ ജയിലിൽ നിന്ന് വിമുക്തരാക്കി. എങ്കിലും യൂദാധികാരികൾ അവരെപിടിച്ചു ദണ്ഡിച്ചു. അനന്തരം, "യേശുവിൻെറ നാമത്തിൽ യാതൊന്നും ശബ്ദിച്ചുപോകരുതെ"ന്നു നിഷ്കൃഷ്ടയായി അനുജ്ഞ നൽകി അയച്ചു. എന്നാൽ മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാണെന്നു നിശ്ചയിച്ചുകൊണ്ട് ശ്ലീഹന്മാർ അവരുടെ സദ്വൃത്തിയെ നിസ്തന്ദ്രം തുടൎന്നു. അവരുടെ അദ്ധ്യാപനത്തിൻെറയും പ്രസംഗത്തിൻെറയും അർഹിതഫലമായി ക്രിസ്ത്വാനുഗാമികളുടെ സംഖ്യ സത്വരം വർദ്ധിച്ചു. ഇങ്ങനെ വർദ്ധിച്ചുവന്ന ജനങ്ങളുടെ പരിപാലനാർത്ഥം നിശ്ചയിക്കപ്പെട്ട ഏഴുപേരിലൊരാളായ എസ്തപ്പാനോസിനെ ശത്രുക്കൾ കല്ലെറിഞ്ഞു കൊന്നു. ഇപ്രകാരം അനവധി പീഡാനുഭവങ്ങൾക്കു വി. പ്രേഷകന്മാർ പാത്രീഭവിച്ചു.

ഏറെക്കുറേ ഈ വിധ പ്രതിബന്ധങ്ങൾ അനുസ്യൂതമായി നേരിട്ടിരുന്നെങ്കിലും, സത്യസഭ ഉപര്യുപരി അഭിവൃദ്ധി പ്രാപിക്ക തന്നെ ചെയ്തു. ശക്തിയേറിയ ഒരു ജലപ്രവാഹത്തിൻെറ ഗതിയെ ഭീമമായ ചിറകെട്ടി തടുത്താൽ എന്നപോലെ വൈരിവൃന്ദത്തിൻെറ മഹോപദ്രവങ്ങളെല്ലാം ദിവ്യശക്തിസംയുക്തമായ തിരുസഭ നാനാപ്രദേശങ്ങളിലേക്കും വേഗത്തിൽ വ്യാപിക്കുന്നതിനു സാരമായി സഹായിക്കയാണുണ്ടായതു്. പത്രോസിൻെറ ആദ്യത്തെ പ്രസംഗംമുതൽ അനേക ജനങ്ങൾ ഓർശ്ലേമിൽ മാനസാന്തരപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ താമസിയാതെ അവിടെ ഒരു വലിയ മതപീഡനം ഉണ്ടായി. തന്നിമിത്തം ജനങ്ങൾ ആ വിശുദ്ധ നഗരിയിൽ നിന്നു പുറപ്പെട്ടുപോകേണ്ടതായി വരികയും തൽഫലമായി മററു പല സ്ഥലങ്ങളിലും ക്രിസ്ത്രീയസമൂഹങ്ങൾ ഉണ്ടാകുന്നതിനു ഇടയാകയും ചെയ്തു. ആദ്യം ശമറിയാ വാ

സികൾക്കു ദൈവവചനത്തെ കേൾക്കുന്നതിനിടയായി. പിന്നീട് എത്യോപ്യൻരാജ്ഞിയുടെ സേവകനായ കാണ്ടേസ് ജ്ഞാനസ്നാനം സ്വീകരിക്കയും അങ്ങനെ ആഫ്രിക്കയിൽ സത്യസഭയുടെ ബീജാവാപം ഉണ്ടാകയും ചെയ്തു. അനന്തരം മതവിരോധികളിൽ ഒരു പ്രധാനി ആയിരുന്ന സോൾ— പൌലോസു ശ്ലീഹായെന്നു പിന്നീടു പ്രസിദ്ധനായിത്തീൎന്ന— ആളിൻെറ അത്ഭുതകരമായ മാനസാന്തരം നടന്നു. അഭിനവമതത്തെ സ്വീകരിക്കുന്ന ആളുകളെ ബന്ധനസ്ഥരാക്കിക്കൊണ്ടു വരുന്നതിനു സ്വമേധയാ അധികാരപത്രം വാങ്ങിച്ചുകൊണ്ട് അയാൾ ഡമാസ്കസ് പട്ടണത്തിലേക്കു പോകയായിരുന്നു. മാൎഗ്ഗമദ്ധ്യേ ഒരു ദിവ്യതേജഃപുഞ്ജം അയാളുടെമേൽ പ്രകാശിക്കയും, മിശിഹാ പ്രത്യക്ഷനായി "നീ എന്തുകൊണ്ടെന്നെ പീഡിപ്പിക്കുന്നു" എന്നു ചോദിക്കയും, പ്രത്യക്ഷനായതു സാക്ഷാൽ മിശിഹാ തന്നെ എന്ന് അദ്ദേഹം അറികയും ചെയ്തതോടുകൂടി മതോപദ്രവിപ്രവരനായിരുന്ന ആ സോൾ, പിന്നീടു ആജീവനാന്തം ക്രിസ്തുവിൻെറ പ്രേഷകപ്രമുഖനായിത്തീരുകയാണുണ്ടായതു്. അനന്തരം വിജാതീയനെങ്കിലും, ദൈവഭയവും സത്യവിശ്വാസവും ഉണ്ടായിരുന്ന ഒരു ശതാധിപൻെറ മാനസാന്തരത്തെപ്പററി സവിസ്തരം എഴുതപ്പെട്ടിരിക്കുന്നു. മ്ശിഹായിൽ വിശ്വസിച്ച ആ ശതാധിപൻെറ അപേക്ഷകളേയും സൽകൃത്യങ്ങളേയും അറിഞ്ഞുകൊണ്ട് അയാളെ സ്വസന്താനങ്ങളുടെ ഗണത്തിൽ സ്വീകരിച്ചുകൊള്ളുവാൻ ദൈവം പത്രോസിനു അനുമതി നൽകി.

ദൈവ വചനത്തെ അനുസരിക്കുന്നതിനു വിമുഖരായി നിരവധി ഉപദ്രവങ്ങളെ ചെയ്തുകൊണ്ടിരുന്ന യൂദസമുദായത്തിൽ നിന്നു ക്രിസ്തുവിൻെറ ശിഷ്യന്മാർ മേൽ പ്രസ്താവിച്ചപ്രകാരം പുറജാതികളുടെ ഇടയിൽ പ്രേഷകവൃത്തി ആരംഭിച്ചു. ഇതുമുതൽ "നടപടി" പുസ്തകത്തിലെ രണ്ടാംഭാഗമായി ഗണിക്കാം. പ്രഥമമായി അന്ത്യോക്യായിലെ ക്രിസ്തീയ സഭയ്ക്കു് അടിസ്ഥാനമിടുകയാണുണ്ടായതു്. ക്രിസ്തുവിനെ അനുവൎത്തിക്കുന്നവൎക്ക് "ക്രിസ്ത്യാനികൾ" എന്ന സംജ്ഞ ഈ സ്ഥലത്തുവെച്ചാണ് ആദ്യമായി നൽകപ്പെട്ടതു എന്നുള്ളതു സ്മൎത്തവ്യമാണ്. ഈ അവസരത്തിൽതന്നെ ഹേറോദേസ് രാജാവ് ഒരു വലിയ മതപീഡനം തുടങ്ങി. എന്നാൽ ഈ മതവിരോധവും തിരുസഭയുടെ പ്രചാരത്തെ പരോക്ഷമായി സഹായിച്ചു. എന്തുകൊണ്ടെന്നാൽ ഇതിനു ശേഷം അപ്പസ്തോലന്മാർ നാനാദേശങ്ങളിലേക്കു ഇറങ്ങി പുറപ്പെടുകയും സുവിശേഷം പ്രസംഗിക്കയും ചെയ്യുന്നതായി നാം കാണുന്നു. അക്കാലത്തെ ഈ ഘട്ടത്തിൽ തിരുസഭാചരിത്രം ഒരു പുതിയ പ്രസ്ഥാനത്തിലേക്കു പ്രവേശിച്ചു.

നടപടിപ്പുസ്തകത്തിലെ പ്രസ്തുത രണ്ടാംഭാഗത്തിൽ വി. പൌലോസാണ് കഥാനായകസ്ഥാനംവഹിക്കുന്നതു്. റൂഹാദക്കുദശായുടെ ആജ്ഞാനുസാരം അദ്ദേഹം ബർനബാസിനോടുകൂടി, അന്ത്യോഖ്യായിൽ നിന്നു പുറപ്പെട്ടു ആദ്യം സൈപ്രസ് ദ്വീപത്തിലേക്കും അനന്തരം ഏഷ്യമൈനറിൻെറ ഉൾഭാഗത്തേക്കും പോയി. ഐക്കോണിയാ, ലിസ്ട്രാ, ദേർബ്ബ് മുതലായി പല സ്ഥലങ്ങളിൽ പ്രസംഗങ്ങൾ ചെയ്കയും അൽഭുതങ്ങൾ പ്രവൎത്തിക്കയും അനവധി ജനങ്ങളെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. ലിസ്ട്രായിൽവെച്ചു വി. പൌലോസു ഒരാളെ സുഖപ്പെടുത്തിയതുകൊണ്ട് അവിടെയുണ്ടായിരുന്ന ജനങ്ങൾ വിസ്മയഭരിതരായി, ഈ പ്രേഷകന്മാർ മനുഷ്യാകൃതി സ്വീകരിച്ച ദൈവങ്ങളാണെന്ന് വിളിച്ചു പറയുകയുണ്ടായി. ലിസ്ട്രായിൽ വച്ചുതന്നെ ഏതാനും യൂദന്മാർ വി. പൌലോസിനെ കല്ലെറിഞ്ഞു ഉപദ്രവിച്ചു. എന്നാൽ അനേകം സങ്കടങ്ങൾ അനുഭവിച്ചിട്ടു വേണം ദൈവരാജ്യത്തിൽ പ്രവേശിപ്പാനെന്നും വിശ്വാസത്തിൽ സ്ഥിരിമായിരിക്കണമെന്നും തൻെറ അനുയായികളോടു ഉപദേശിക്കയും അവരുടെ ആവശ്യാൎത്ഥം വൈദികരെ അഭിഷേചിച്ച് നിയമിക്കയും ചെയ്തതിൻെറ ശേഷം അദ്ദേഹം അവിടെനിന്ന് പിന്തിരിഞ്ഞു.

ഇതിനുശേഷമാണ് യൂറോപ്പുഖണ്ഡത്തിൽ ക്രിസ്തുമതം ആദ്യമായി പ്രസംഗി

ക്കപ്പെട്ടത്. ഈ ജോലി നിർവ്വഹിച്ചതും വി. പൗലോസു തന്നെയാണ്. "മാസിഡോണിയായിലെക്കുവന്ന് ഞങ്ങളെ സഹായിക്കണമെന്നു" അവിടത്തുകാരൻ ഒരാൾ വന്നു അപേക്ഷിക്കുന്നതായിട്ടു വി. പൗലോസിനു ഒരു പ്രത്യക്ഷീകരണമുണ്ടായി ഈ ദിവ്യാജ്ഞയെ അദ്ദേഹം സന്തോഷപുരസ്സരം സ്വീകരിച്ചു ഫിലിപ്പി എന്ന പട്ടണത്തിൽ എത്തി. ഒരു സ്ത്രീയേയും അവളുടെ വീട്ടുകാരേയും മാനസാന്തരപ്പെടുത്തി. ഇതറിഞ്ഞു ജനങ്ങൾ വി. പൗലോസിനെ പിടിച്ചു പ്രഹരിക്കയും കാരാഗൃഹത്തിലേക്കു അയക്കുകയും ചെയ്തു. എന്നാൽ അപ്പസ്തോലൻ സർവ്വേശ്വരനോടു പ്രാർത്ഥിച്ചു. കാരാഗൃഹസ്ഥലം ഞെട്ടങ്ങി, വാതിലുകൾ താനെ തുറന്നു. കാവൽക്കാരൻ ഭയവിഹ്വലനായി; അനന്തരം അവൻ ജ്ഞാനസ്നാനം സ്വീകരിച്ചു. വി. പൌലോസിനെ അധികാരികൾ പിന്നീടു തടവിൽനിന്നു വിട്ടയച്ചു. അനന്തരം അദ്ദേഹം മാസിഡോണിയാവഴി തെസ്സലോണിക്കായിലേക്കും, പിന്നീടു ഏതൻസിലേക്കും, അനന്തരം കോറിന്തിലേക്കും പോയി വേദപ്രസംഗം ചെയ്തു. അതിന്റെശേഷം എപ്പെസൂസിലേക്കു തിരിച്ചുവന്ന് രണ്ടിലധികം കൊല്ലം പ്രേഷകവൃത്തിയിൽ ബദ്ധശ്രദ്ധനായിരിക്കയും വീണ്ടും മാസിഡോണിയാ, ഗ്രീസു മുതലായ രാജ്യങ്ങളിലെ സത്യവിശ്വാസികളെ സന്ദർശിക്കയും അവരെ വിശ്വാസത്തിൽ സ്ഥിരീകരിക്കയും ചെയ്തിട്ടു ഓർശ്ലേമിലേക്കു പിന്തിരികയുണ്ടായി.

ഈ പ്രത്യാഗമനം വി. പൌലോസിന്റെ അന്ത്യ കഷ്ടാനുഭവത്തിന്റെ അവതാരികയായിരുന്നു. അദ്ദേഹം അതു ദിവ്യശക്തികൊണ്ട് ഏറെക്കുറേ അറികയും ചെയ്തിരുന്നു. അദ്ദേഹം ഓർശ്ലേമിൽ എത്തി; ശത്രുക്കളായ യൂദന്മാർ അദ്ദേഹത്തെ ദേഹോപദ്രവം ചെയ്യുന്നതിനുദ്ദേശിച്ചു പിടിക്കയും പിന്നീടു പുറജാതികളുടെ പക്കൽ ഏൽപ്പിക്കയും ചെയ്തു. അനന്തരം വി. പ്രേഷകൻ രണ്ടുകൊല്ലക്കാലം സിസ്സേറിയായിൽ തടവിൽക്കിടന്നു സങ്കടം അനുഭവിച്ചു. അവിടെനിന്നു കടശി വിസ്താരത്തിനായി റോമിലേക്കു അയക്കപ്പെടുകയാണുണ്ടായത്. റോമിലും രണ്ടുസംവത്സരക്കാലം വി. പൌലോസു കാരാഗൃഹവാസം ചെയ്തു. എന്നാൽ ഈ ദുരിതപരിപൂർണ്ണമായ കാരാഗൃഹജീവിതത്തിലും അദ്ദേഹം തന്റെ മഹത്വമേറിയ പ്രേഷകവൃത്തിയെ വിസ്മരിച്ചില്ല. അദ്ദേഹം തന്റെ അടുക്കൽ വന്നുകൊണ്ടിരുന്ന ജനങ്ങളോടു ദൈവരാജ്യത്തെപ്പറ്റി പ്രസംഗിക്കയും ദിവ്യരക്ഷകനെ സംബന്ധിച്ച തത്വങ്ങളെ അവരെ പഠിപ്പിക്കയും ചെയ്തുകൊണ്ടുതന്നെയിരുന്നു. വിവിധവികാരോദ്വഹമായ ഈ ഘട്ടത്തിൽ "അപ്പസ്തോല നടവടികളു"ടെ ഗ്രന്ഥകർത്താവ് തന്റെ തൂലികയുടെ ചലനത്തെ നിറുത്തുവാൻ നിബന്ധിതനായിപ്പോയി. ക്രിസ്തീയസഭയുടെ ഈ പ്രാരംഭചരിത്രം എത്രയോ വിസ്മയാവഹവും സാരപ്രബോധകവും ആകുന്നു. *

കെ. സി. വർക്കി ബി. ഏ.

---

* കഴിഞ്ഞ ലക്കത്തിൽ അപ്പസ്തോലനടപടിപ്പുസ്തകത്തിൽ ആകെ 24 അദ്ധ്യായങ്ങളാണുള്ളതെന്നു കാണുന്നതു അച്ചടിപ്പിശകാണ്. 28 അദ്ധ്യായങ്ങൾ എന്നു വായിക്കേണ്ടതാകുന്നു. "കു. പ."

## 'നല്ല കളളൻ'

ദിവ്യരക്ഷനാഥന്റെ വലതുഭാഗത്തു തൂങ്ങിമരിച്ച നല്ല കള്ളനേ സംബന്ധിച്ച പല ചരിത്രങ്ങൾ പറയുന്നുണ്ട്. അതിൽ ഒന്ന് ഈവിധമാണ്:— എജിപ്തിലേക്കുള്ള പ്രയാണത്തിൽ തിരുക്കുടുംബം ഒരു രാത്രി വേറെ സ്ഥലം കിട്ടാഞ്ഞതിനാൽ ഒരു ഗുഹയിൽ താമസിക്കേണ്ടിവന്നു. ഒരു തസ്കരപ്രധാനിയുടെ വസതിയാ

യിരുന്നു അത്. അയാളുടെ ഭാര്യയാകട്ടെ ഈ അതിഥികളെ ദയാപൂർവ്വമാണു സ്വീകരിച്ചത്. അവൾക്കു ദ്ദുമാസ് എന്നു പേരുള്ള കുഷ്ഠരോഗിയായ ഒരു ബാലൻ ഉണ്ടായിരുന്നു. ദിവ്യജനനി ഉണ്ണി ഈശോയെ കുളിപ്പിക്കുന്നതിനു കുറേ വെള്ളം ആ സ്ത്രീയോടു ചോദിക്കുകയും അവൾ അതു കൊണ്ടുവന്നു കൊടുത്തപ്പോൾ അതുകൊണ്ടു ദിവ്യശിശുവിനെ കുളിപ്പിക്കുകയും ചെയ്തു. ഇതിനിടയിൽ കള്ളന്റെ ഭാര്യ ഈ അതിഥികളിൽ അനന്യസാധാരണമായ എന്തോ ഉണ്ടെന്നു മനസ്സിലാക്കിക്കഴിഞ്ഞു. ഇത് ഉണ്ണി ഈശോയുടെ ശിരസ്സിന്നുചുററും വീശിയിരുന്ന പ്രകാശംകൊണ്ടോ റൂഹാ ദ്കുദശായുടെ പ്രേരണകൊണ്ടോ ഇത്ര മഹാ പരിശുദ്ധരായ ആളുകളോടുള്ള സാമീപ്യംതന്നെ അവളുടെ ഹൃദയത്തെ ഒന്നിളക്കിവിട്ടതുകൊണ്ടോ എന്തുകൊണ്ടെന്ന് അറിഞ്ഞുകൂടാ. അതിനാൽ ദിവ്യ ശിശുവിന്റെ സ്നാനത്തിന്ന് ഉപയോഗിച്ച വെള്ളംകൊണ്ടു കുഷ്ഠരോഗിയായ തന്റെ പുത്രനെ അവൾ കുളിപ്പിക്കുകയുണ്ടായി. തൽക്ഷണം കുട്ടി കുഷ്ഠരോഗത്തിൽനിന്നു വിമുക്തനായി. പല കൊല്ലങ്ങൾ കഴിഞ്ഞശേഷം അവനും മോഷ്ടാക്കളുടെ ഗണത്തിൽ ചേൎന്ന് അക്രമങ്ങളും കൊലപാതകങ്ങളും നടത്തി ജീവിച്ചുവരവേ നീതിപാലകന്മാരുടെ കൈയിൽ അകപ്പെട്ട് ഓർശ്ലേമിൽ ഒരു കാരാഗൃഹത്തിൽ അടക്കപ്പെടുകയും മിശിഹായോടു കൂടെ വലതുഭാഗത്തു തൂക്കപ്പെടുകയും ചെയ്തു. ആ കള്ളൻ കുരിശിൽക്കിടന്നു മഹാവേദന അനുഭവിക്കുമ്പോൾ ആദ്യം ശേഷംപേരോടുകൂടെ ഈശോയെ അപഹസിച്ചിരുന്നു. എന്നാൽ മറിയത്തിന്റെ പ്രാൎത്ഥനമൂലം ആ തസ്കരൻ മാനസാന്തരപ്പെട്ട് എളിമ, ക്ഷമ, അനുതാപം, ദൈവസ്നേഹം ആദിയായ പുണ്യങ്ങളാൽ പ്രശോഭിതനായതിനാൽ ദിവ്യരക്ഷകൻ "ഇന്ന് നീ എന്നോടുകൂടെ പറുദീസായിൽ ഉണ്ടായിരിക്കുമെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു" (ലൂക്കാ. ൨൩. ൪൩) എന്ന് അരുളിച്ചെയ്യുന്നതിനെ കേൾപ്പാൻ യോഗ്യനായി. പരമ്പരയായി പറഞ്ഞുവരുന്ന ഒരു സംഭവമാണിത്. (Frederick William Faber D. D.)

തിരുക്കുടുംബം ഈജിപ്തിലേക്കു ഓടിപ്പോയ്ക്കയിൽ കവർച്ചക്കാരനായ ദ്ദുമാസ് ആ പരിശുദ്ധ പാന്ഥന്മാരോടു യാതൊരു ഉപദ്രവവും ചെയ്തില്ലെന്നു മാത്രമല്ല, മററു മോഷ്ടാക്കളിൽനിന്ന് അവൎക്കു ഒരു ഉപദ്രവവും നേരിടാതെ അവരെ പരിരക്ഷിച്ചു സഹായിക്കയും ചെയ്തു എന്നും, പല സംവത്സരങ്ങളുടെ ശേഷം പിടിക്കപ്പെട്ട് ഓർശ്ലേമിലുള്ള പാറാവിൽ ആക്കപ്പെടുകയും ഈശോയോടുകൂടെ കുരിശിൽ തൂക്കപ്പെട്ടു ദൈവജനനിയുടെ പ്രാൎത്ഥനയാൽ മാനസാന്തരപ്പെട്ടു സ്വൎഗ്ഗപ്രാപ്തനാകയുംചെയ്തു എന്നും ഒരു ഐതിഹ്യം ഇല്ലാതില്ല. എങ്ങനെയായാലും ഈ നല്ല കള്ളൻ അഥവാ അയാളുടെ അമ്മ ദൈവജനനിക്കു ചെയ്ത തുച്ഛമായ ഉപകാരത്തിന്നു പ്രത്യുപകാരമായി ആ രാജ്ഞി സകല നന്മകളേയും അതിശയിക്കുന്ന സ്വൎഗ്ഗഭാഗ്യം തന്റെ മദ്ധ്യസ്ഥതമൂലം അയാൾക്കു പ്രാപിച്ചു കൊടുത്തു എന്നുള്ളതിൽ അഭിപ്രായവ്യത്യാസമില്ലതന്നെ. "നല്ലകള്ളൻ മാനസാന്തരവരം പ്രാപിച്ചത് ഈശോയുടെയും കള്ളന്റെയും കുരിശുകളുടെ മദ്ധ്യേ നിന്നിരുന്ന ദിവ്യജനനി ആ കള്ളന്റെ മുമ്പിലത്തെ സഹായത്തിന്നു പ്രത്യുപകാരം ചെയ്യുവാൻവേണ്ടി അയാളെക്കുറിച്ചു ദൈവപുത്രനോടു പ്രാൎത്ഥിച്ചതുകൊണ്ടാകുന്നു" എന്നാണ് ഏതൽസംബന്ധമായി വി. പത്രോസ് ദമിയാന്റെ പ്രസ്താവം. ഇപ്രകാരം കുരിശിൻചുവട്ടിൽവച്ച് മറിയത്തിന്നു കൊടുക്കപ്പെട്ട മനുഷ്യഗണത്തിന്റെ മാതാവും സഹരക്ഷകയും എന്നുള്ള സ്ഥാനം ബന്ധിച്ചുള്ള ഉദ്യോഗം അവിടെവെച്ച് അപ്പോൾത്തന്നെ നടത്തിത്തുടങ്ങി. തന്റെ കടിഞ്ഞൂൽപ്പുത്രനായ ഈശോയുടെ പിന്നാലെ മറിയം ദ്ദുമാസിനെ സ്വൎഗ്ഗത്തിലേക്കയച്ചു. ദേവമാതാവിന്റെ സഹായത്താൽ പിന്നീടു സ്വൎഗ്ഗപ്രാപ്തരാകുവാനിരുന്ന തന്റെ മക്കളുടെ അസംഖ്യമായ സമൂഹത്തിൽ ഇദ്ദേഹം ഒന്നാമനാണ്.

ഫാദർ അലോഷ്യസ് സി. ഡി.

# ഞാനും ഒരു ക്രിസ്ത്യാനിയാകുന്നു.

## (ഒരു ചരിത്ര കഥ.)

## II.

എല്ലാം തയ്യാറായപ്പോൾ തങ്ങളുടെ ദേശത്തോടും ഭവനത്തോടും അവസാനയാത്രയും പറഞ്ഞ്, ആ ഭാഗ്യപ്പെട്ട മാതാവും പുത്രനും അവർക്കായി സജ്ജീകരിക്കപ്പെട്ടിരുന്ന വെള്ളക്കുതിരമേലും, ദാസിമാർ അവരവർക്കിണങ്ങിയ മറേറാരോ കുതിരകളിന്മേലും കയറി ചിച്ചിലിയാ രാജ്യത്തുള്ള സെലൂച്ചിയാ പട്ടണത്തിലേക്കു യാത്രതിരിച്ചു. അർദ്ധരാത്രിസമയത്തു മലകളും മഹാരണ്യങ്ങളും കടന്ന് ദുർഘടങ്ങളായ ഊടുവഴികളിൽക്കൂടി യാത്രചെയ്തു പിറേറദിവസം ഉച്ചയോടുകൂടി സെലൂച്ചിയാപട്ടണത്തിന്റെ ഉത്തരഭാഗത്തുള്ള ഒരു വഴിയമ്പലത്തിൽ ചെന്നു ചേർന്നു. സൗകര്യമുള്ളപക്ഷം അവിടെ താമസിക്കാമെന്നും ഇല്ലാത്ത പക്ഷം യാത്രാക്ലേശം തീർത്തിട്ട് അടുത്തുള്ള ഏതെങ്കിലും ഒരു വീടു വാടകയ്ക്കെടുത്തു അവിടേയ്ക്കു മാറി താമസിക്കാമെന്നും അവർ നിശ്ചയിച്ചു.

ഉച്ചഭക്ഷണം കഴിഞ്ഞയുടനെ പ്രഭുകുമാരനു ഉറക്കം വന്നതിനാൽ പുത്രനെ തന്റെ മടിയിൽ കിടത്തി ഉറക്കിക്കൊണ്ടു പ്രിയമാതാവ് ആ വഴിയമ്പലത്തിന്റെ ഒരു ഭാഗത്തിരുന്ന് തന്റെ കഴിഞ്ഞ അവസ്ഥയേയും ഭർത്താവിന്റെ നിര്യാണാനന്തരം തനിക്കു സംഭവിച്ച വ്യസനാവസ്ഥകളേയും മററും അനുസ്മരിച്ചപ്പോൾ താനറിയാതെ വർഷിച്ച അശ്രുകണങ്ങൾ കുമാരന്റെ മുഖകമലത്തിൽ വീണതിനാൽ ആ കുട്ടി ഉണർന്നു പുഞ്ചിരിയോടുകൂടി മാതൃമുഖത്തെ വീക്ഷിച്ചു. ആ മുഖത്തു കണ്ട ഭാവഭേദത്തെ സഹിക്കാൻ പാടില്ലാഞ്ഞിട്ടോ കാണാൻ കഴികയില്ലാഞ്ഞിട്ടോ, തലേരാത്രിയിലെ ഉറക്കൊഴിച്ചിൽകൊണ്ടോ എന്തെന്നറിഞ്ഞില്ല വീണ്ടും നിദ്രാധീനനാകയാണുണ്ടായത്. ആ പ്രഭ്വി വീണ്ടും ഓരോന്നു വിചാരിക്കാൻ തുടങ്ങി. ഈ അവസരത്തിൽ ദിവ്യശിശുവായ യേശുക്രിസ്തുവിനെ ദുഷ്ടഹേറോദേസിന്റെ വാളിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി അമ്മയായ കന്യകാമറിയം സഹിച്ച പാടുപീഡകൾ അവളുടെ സ്മരണാപഥത്തിൽ വന്നതിനാൽ അല്പം ആശ്വാസത്തോടുകൂടി അവൾ മുറിയുടെ വാതുക്കലേക്കു നോക്കി. അപ്പോൾ അതിപാരവശ്യത്തോടുകൂടി ഓടി വരുന്ന മത്തായെ കണ്ടിട്ട് "എന്താ മത്താ വിശേഷം" എന്നു ചോദിച്ചു.

"അയ്യോ പ്രഭ്വീ! ഇവിടെനിന്നും ഉടനെ പുറപ്പെടേണ്ടിയിരിക്കുന്നു. ഇവിടത്തെ ഭരണാധികാരിയായ അലക്സാണ്ടർ ഡൊമത്തീസനേക്കാൾ ക്രൂരനാണ്. ഈ വഴി വരുന്ന ഒരു ക്രിസ്ത്യാനി എങ്കിലും ജീവനോടുകൂടി പോകുന്നതിനു അവൻ അനുവദിക്കുന്നില്ലെന്നു ഇവിടത്തെ ഒരു സേവകൻ ഇപ്പോൾ എന്നോടു പറകയുണ്ടായി." എന്നു മത്താ ഉത്തരിച്ചു.

"അയ്യോ ദൈവമേ! പാപി ചെല്ലുന്നിടമെല്ലാം പാതാളം തന്നെയോ. മത്താ! കുമാരൻ ഉറങ്ങുകയാണല്ലോ. അവൻ ഇന്നലെ രാത്രിയും ഉറങ്ങീട്ടില്ലാത്ത സ്ഥിതിക്കു ഇപ്പോൾ ഉണർത്തുന്നതു യുക്തമല്ല. ഉറങ്ങാൻ തുടങ്ങീട്ടു കുറേനേരമായതിനാൽ ഇപ്പോൾ ഉണരുമായിരിക്കാം. അവൻ ഉണർന്നുകഴിഞ്ഞാലുടൻ പോകത്തക്കവണ്ണം ഒരുങ്ങിക്കൊള്ളാം" എന്നു കല്പിച്ചു.

വിചാരിച്ചതുപോലെ താമസംവിനാ കുട്ടി ഉണരുകയും തള്ള അവനെ ആലിംഗനംചെയ്തു ചുംബിക്കുകയും എല്ലാവരുംകൂടി താർസൂസുപട്ടണത്തെ ലാക്കാക്കി യാത്ര ആരംഭിക്കുകയും ചെയ്തു. ഇത്തവണ, നമ്മുടെ യാത്രക്കാർക്കു മുമ്പിലത്തേതിലും അധികം മാർഗ്ഗക്ലേശങ്ങൾ സഹിക്കേണ്ടതായി വന്നെങ്കിലും താർസൂസ് പട്ടണഗോപുരങ്ങൾ അവരുടെ ദൃഷ്ടിക്കെത്തുപെട്ടിരുന്നതിനാൽ ഉത്സാഹഭരിതരായി യാത്രതുടർന്നു.

ക്ലേശഭൂയിഷ്ഠമായ ഈ പ്രയാണത്തി

ൽ ഏല്പ്പെട്ടിരിക്കുന്ന പ്രഭ്വി ലൈക്കോണിയാദേശത്തിലെ പ്രസിദ്ധ പ്രഭുകുടുംബങ്ങളിൽ ഒന്നിലെ അംഗമായ 'ജൂലീത്തായും', പ്രസന്നവദനനും മനോമോഹനകളേബരനുമായ കുമാരൻ ഇവളുടെ ഏകപുത്രനായ 'കുര്യാക്കോസ്'മാണെന്നുള്ള വാസ്തവം ഇനിയും വായനക്കാരിൽനിന്നും മറച്ചു വയ്ക്കണമെന്നു വിചാരിക്കുന്നില്ല. റോമ്മാചക്രവത്തിയായ ഡയോക്ലിഷൻെറ വേദഞെരുക്കത്താൽ വേദത്തെപ്രതി നാടും വീടും വെടിയേണ്ടി വന്ന ഇവർ സോത്സാഹം യാത്രതുടരുകയിൽ ഡയോക്ലിഷൻെറ ഗവൎണ്ണരായ ഡൊമത്തീസൻ ജൂലീത്തായുടെ അരമന പരിശോധിച്ചു ഒരു ദാസിയെ പിടിച്ച് അതികഠിനമായ ദേഹോപദ്രവങ്ങൾ ഏല്പിച്ചതുനിമിത്തം അവളിൽനിന്നും പ്രഭ്വിയെപ്പററിയുള്ള സകല വിവരങ്ങളും ഗ്രഹിച്ചുകഴിഞ്ഞു. ജൂലീത്തായെ അറസ്റ്റ് ചെയ്യുന്നതിനു സെല്യൂച്ചിയായിലെ ഗവൎണ്ണരായ അലക്സാണ്ടറിനെ വിവരമറിയിച്ചു.

ജൂലീത്തായും പരിവാരങ്ങളും താർസൂസ് പട്ടണത്തിനു ഏകദേശം ഒരു മൈൽ അടുത്തായപ്പോൾ കുറേ കുതിരപ്പടയാളികൾ അവരുടെ പിമ്പെ അതിവേഗത്തിൽ ഓടിച്ചിട്ട് അതിൽ നായകനായി കാണപ്പെട്ട ഒരാൾ മററുള്ളവൎക്കു ഏതോ കല്പനകൊടുത്തശേഷം വന്ന ഗതിയിൽത്തന്നെ മുൻപോട്ടു പോകയും ചെയ്തു. ഉടനെതന്നെ പടയാളികളിൽ ഒരാൾ ജൂലീത്തായോടു "നിങ്ങൾ എവിടെനിന്നും വരുന്നു എവിടേയ്ക്കു പോകുന്നു" എന്നു ചോദിച്ചമാത്രയിൽ ഭീരുക്കളായ ദാസിമാർ അവരുടെ പ്രഭ്വിയെ നിസഹായിനിയായി വിട്ടിട്ടു തിരിഞ്ഞോടിക്കളഞ്ഞു. ജൂലിത്താ തിരിഞ്ഞുനോക്കിയപ്പോൾ ദാസിമാർ ഓടുന്നതു കണ്ടു. തന്നെ കൊന്നാലും തൻെറ പ്രിയപുത്രനെ അവരുടെ സംരക്ഷണയിൽ ഏല്പിക്കാമെന്നുവിചാരിച്ച് കൂട്ടിക്കൊണ്ടുപോന്നദാസിമാർ ഇപ്രകാരം തന്നെ വെടിഞ്ഞതിനെ ഓൎത്തു അവൾ അപാരമായി വ്യസനിച്ചു. എന്നാൽ വി. പത്രോസുപോലും താൻ ഒരിക്കലും ഉപേക്ഷിക്കയില്ലെന്നു ശപഥം ചെയ്തിരുന്ന ദിവ്യഗുരുവിനെ പീലാത്തോസിൻെറ അരമനയിൽവച്ചു ഭീരുത്വത്താൽ വെടിഞ്ഞതല്ലോ എന്നുള്ള വിചാരം അവൾക്കാശ്വാസം നൽകാതിരുന്നില്ല. ഉടനെതന്നെ അവൾ തൻെറ വാത്സല്യപുത്രനെ തലോടിക്കൊണ്ട് "എൻെറ ദേശവും മററും അറിയേണ്ട ആവശ്യം നിങ്ങൾക്കില്ലല്ലൊ; ഞാൻ ഒരു ക്രിസ്ത്യാനിയാണെന്നുമാത്രം അറിഞ്ഞാൽ മതിയില്ലയോ" എന്നു ധൈൎയ്യസമേതം പടയാളിയുടെ ചോദ്യത്തിനു മറുപടി പറഞ്ഞു. "എന്നാൽ ഉടനെ ഗവൎണ്ണരുടെ മുമ്പാകെ പോകേണ്ടിയിരിക്കുന്നു. ഈ പട്ടണത്തിലുള്ള കുറേ ക്രിസ്ത്യാനികളെ അടുത്ത ദിവസം വിസ്തരിക്കുന്നതിനായി അദ്ദേഹം പട്ടണത്തിലേക്കു പോയിരിക്കയാണ്; ആ കൂട്ടത്തിൽ നിങ്ങളേയും വിസ്തരിക്കുന്നതായിരിക്കും" എന്നു പറഞ്ഞുകൊണ്ടു അവർ അവളെ വളഞ്ഞ് നടക്കുന്നതിനു ആംഗ്യം കാണിച്ചപ്പോൾ ജൂലീത്തായുടെ ഹൃദയം പ്രിയകുമാരനെപ്പററിയുള്ള വിചാരത്താൽ അതിതീവ്രമായി തപിച്ചുതുടങ്ങി. എങ്കിലും അവരെ അനുസരിച്ചു അവൾ യാത്രതുടൎന്നു.

കൊച്ചുകുര്യാക്കോസിനു ഈ കാൎയ്യം വളരെ ആനന്ദത്തെ നൽകി. തൻെറ ചുററിലും നടന്നിരുന്ന വൻകുതിരകളേയും ഘോര പടയാളികളേയും കാണുകയിൽ അവനു വളരെ അതിശയവും നിസ്സീമമായ സന്തോഷവും ഉണ്ടായി.

താമസംവിനാ അവർ കച്ചേരിമുററത്തു എത്തി. അവിടെ ബഹുവിധങ്ങളായ വിചാരപരമ്പരകൾക്കു വശംവദരായി നിന്നിരുന്ന നിരവധി ക്രിസ്തീയ സഹോദരങ്ങളെ കാണുകയിൽ ജൂലീത്തിനു ധൈൎയ്യമോ, വ്യസനമോ ഉണ്ടായതെന്നു നിങ്ങൾതന്നെ തീരുമാനിക്കുവിൻ. തങ്ങളുടെ വേദത്തെപ്രതി ദേഹത്തെ ബലികഴിക്കുന്നതിനു സന്നദ്ധരായി നിന്ന, അവൎക്കു നമ്മുടെ അമ്മയും മകനും അനല്പമായ പ്രോത്സാഹനം നൽകാതിരുന്നില്ല. ഓരോരുത്തരുടെയും വിസ്താരത്തിനുള്ള സമയത്തെ അവർ അക്ഷമതയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

(തുടരും)

കാപ്പിൽ കുര്യാക്കോസു ശം.

# കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്

## ഡോമിനിക്കുസാവ്യോ.

### 3. ആദ്യകുർബ്ബാന കൈക്കൊള്ളപ്പാട്.

പ്രിയകുഞ്ഞുങ്ങളേ!

നമ്മുടെ കൊച്ചുഡൊമ്മിനിക്കു ഏഴു വയസ്സായിരിക്കുന്നു. വിശുദ്ധ കുർബ്ബാന വഴിയായി ദിവ്യഈശോയോടു ഒന്നിക്കുന്നതിനുള്ള ആഗ്രഹം കുട്ടിക്കു കലശലായിത്തീർന്നിരിക്കയാണ്. അതിലേക്കു വേണ്ട പഠനങ്ങളെല്ലാം കഴിഞ്ഞിട്ടുണ്ടെങ്കിലും പത്തും പതിനൊന്നും വയസ്സു പ്രായമായിട്ടല്ലാതെ അക്കാലത്തു കുട്ടികളെ കുർബ്ബാന കൈക്കൊള്ളിപ്പിക്കു പതിവില്ലാഞ്ഞതിനാൽ വികാരിയച്ചൻ ആരംഭത്തിൽ അല്പം സംശയിച്ചു. എങ്കിലും ഡൊമ്മിനിയുടെ ഇടവിടാതുള്ള മുട്ടിപ്പും, അസാധാരണമായ അവൻെറ ബുദ്ധിവൈഭവവും, ജീവിത പരിശുദ്ധതയും കണ്ടു ഒടുവിൽ അദ്ദേഹം അനുവദിച്ചുകൊടുത്തു.



അനുമതി ലഭിച്ച ഉടനെ ഡൊമ്മിനി സന്തോഷപൂരിതനായി ഓടിച്ചെന്നു ഈ വിവരം അമ്മയെ അറിയിക്കയും, കർത്താവിൻെറ വരവിലേക്കു, പ്രാർത്ഥനകളാലും സുകൃതകൃത്യങ്ങളാലും തന്നത്തന്നെ പൂർവ്വാധികം ജാഗ്രതയോടെ ഒരുക്കിത്തുടങ്ങുകയും ചെയ്തു. കടശി ദിവ്യകാരുണ്യസ്വീകരണത്തിൻെറ തലേനാൾ വൈകുന്നേരം അമ്മയുടെ അടുക്കൽച്ചെന്നു പറഞ്ഞതാവിതു്, "അമ്മേ! ഇതേവരെ ഞാൻ അമ്മയ്ക്കു വല്ല സങ്കടവും വരുത്തിയിട്ടുണ്ടെങ്കിൽ എല്ലാം എന്നോടു പൊറുക്കണം. ഇനിമേൽ ഞാൻ വളരെ നല്ല കുട്ടിയായി നടന്നുകൊള്ളാം. പള്ളിക്കൂടത്തിൽ കൂടുതൽ ശ്രദ്ധയോടും, അമ്മ പറയുന്നതിനെ അനുസരിക്കുന്നതിൽ കൂടുതൽ താല്പര്യത്തോടും വ്യാപരിച്ചുകൊള്ളാം." മാലാഖായ്ക്കു തുല്യനായ ഈ ബാലൻെറ ക്ഷമായാചനം ആ ഭാഗ്യവതിയായ ജനനിയെ എത്രകണ്ടു ആശ്ചര്യപരവശയാക്കി എന്നു പറയേണ്ടതില്ലല്ലോ. "എൻെറ മകനേ! നീ എന്തെല്ലാം ചെയ്തിട്ടുണ്ടെങ്കിലും ഞാൻ ക്ഷമിച്ചിരിക്കുന്നു. ദൈവം നിന്നെ നല്ലവനാക്കിത്തീർക്കുന്നതിനു പ്രാർത്ഥിക്ക. അപ്പനുവേണ്ടിയും എനിക്കുവേണ്ടിയും അപേക്ഷിക്കുന്നതിനു മറന്നുപോകരുത്" എന്നു മാത്രമേ അവൾ മറുപടി പറഞ്ഞൊള്ളു.

നിശ്ചിത ദിവസം പള്ളിവാതിൽ തുറക്കുന്നതിനു മുമ്പുതന്നെ ഡൊമ്മിനി ദേവാലയത്തിലെത്തി പതിവുപോലെ പുറത്തു മുട്ടുകുത്തി പ്രാർത്ഥന തുടങ്ങി. ഹാ! ആ പരിശുദ്ധ ബാലൻെറ അന്നത്തെ ഒരുക്കങ്ങളും മുഖഭാവവും ഒന്നു കാണേണ്ടതായിരുന്നു. കടശി ലോകരക്ഷനാഥൻ ഹൃദയത്തിലേക്കു എഴുന്നള്ളി വന്നതോടുകൂടെ ലോകത്തെ മുഴുവൻ ആ കുട്ടി മറന്നു പോയതുപോലെ കാണപ്പെട്ടു. ചലനമററവനായി ആ ദിവ്യ സ്നേഹിതനോട് ഡൊമ്മിനി സ്നേഹസംഭാഷണം ചെയ്തുകൊണ്ടുനിന്ന കാഴ്ച ഏവരേയും ഇളക്കികളഞ്ഞു. കുർബ്ബാന കൈക്കൊള്ളാനുണ്ടായിരുന്ന അനേകം കുട്ടികളിൽ ഒന്നാമത്തവനായിട്ടാണ് ഈ കുട്ടി പള്ളിയിൽ വന്നുചേർന്നതു്; എന്നാൽ പിന്തിരിയുന്നതിൽ ഒടുവിലത്തവനും ആ കുട്ടിതന്നേ ആയിരുന്നു. "ഹാ! ആ ദിവസം എനിക്കു ഒരു ഭാഗ്യപ്പെട്ട സ്മരണയുടെ ദിവസം തന്നേയായിരുന്നു" എന്നു പില്ക്കാലങ്ങളിൽ അതേപ്പററി ഡൊമ്മിനി പറഞ്ഞുവന്നിരുന്നു.

പുണ്യവാനായിത്തീരുന്നതിലേക്ക് ആ കുട്ടിയെ സഹായിച്ച നാലു ന

ജ്ഞകൾ അന്നേദിവസമാണ് ചെയ്തുകർത്താവിനു കാഴ്ച കൊടുത്തതു്. ഡൊമ്മിനി തൻെറ സ്വന്തകൈപ്പടയായി എഴുതിവച്ചിട്ടുള്ള ഒരു ആത്മികഡയറിയിൽ അതേപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു:

"൧൮൪൯-ാമാണ്ടു ഡോമ്മ്നിക്കു സാവ്യോ എന്ന ഞാൻ ഏഴു വയസ്സിൽ ആദ്യകുർബാന കൈക്കൊള്ളുപ്പാടു കഴിക്കയിൽ ചെയ്യുന്ന പ്രതിജ്ഞകളാവിതു്:-

൧. ഇനിമേൽ ഞാൻ കൂടക്കൂടെ കുമ്പസാരിക്കയും, കുമ്പസാരക്കാരൻ അനുവദിക്കുന്നതുപോലെ അടുക്കലടുക്കൽ കുർബാന കൈക്കൊള്ളുകയും ചെയ്യും.

൨. ഞായറാഴ്ചകളും തിരുനാളുകളും പ്രത്യേക വിധത്തിൽ പരിശുദ്ധമായി ആചരിക്കുന്നതാണ്.

൩. മേലാൽ ഈശോയും മറിയവും എൻെറ സ്നേഹിതന്മാരായിരിക്കും.

൪. പാപത്തേക്കാൾ മരണം."

പ്രിയ കുഞ്ഞുങ്ങളേ! ഇതാ നിങ്ങളുടെ സ്നേഹിതൻ പുണ്യപൂർണ്ണനായിത്തീർന്ന വിധം. മേല്പറഞ്ഞ പ്രതിജ്ഞകളേ എഴുതിയിടുക മാത്രമല്ല ചെയ്തതു്; യഥാർത്ഥത്തിൽ അവയെ പ്രവൃത്തിയിൽ വരുത്താൻ ശ്രമിച്ചു; അതിനാൽ ചുരുങ്ങിയ കാലംകൊണ്ടു വലിയ പുണ്യ പദവിയിൽ ചെന്നെത്തി.

നിങ്ങളിൽ ആരെങ്കിലും കുർബാന കൈക്കൊള്ളാത്തവരായിട്ടുണ്ടോ? പ്രായത്തിൻെറ കാര്യത്തിൽ ഡൊമ്മിനിക്കു നേരിട്ട വിഷമങ്ങളൊന്നും ഇപ്പോൾ ഉണ്ടാകുമെന്നു പേടിക്കേണ്ട. വിശുദ്ധ കുർബാനയെ സാധാരണ അപ്പത്തിൽനിന്നു തിരിച്ചറിവാനുള്ള പ്രായമായിക്കഴിഞ്ഞാൽ ആ പരിശുദ്ധ ഭോജനം ഉൾക്കൊള്ളുന്നതിനു അർഹരാവുന്നതാണ്. എന്നാൽ ഈ വിശുദ്ധ കൂദാശയെപ്പററിയുള്ള വിവരങ്ങൾ പാടുപോലെ പഠിച്ചറിഞ്ഞു തക്ക ഒരുക്കത്തോടുകൂടെ ദിവ്യഈശോയെ ഉള്ളിൽ എഴുന്നള്ളിച്ചുവയ്ക്കാൻ താല്പര്യപ്പെടണം. ഹാ! ആദ്യകുർബാന കൈക്കൊള്ളുപ്പാടു യോഗ്യതയോടുകൂടെ കഴിക്കുന്ന ഒരു കുട്ടിയുടെ ദൈവവരപ്രസാദനിക്ഷേപത്തെ നഷ്ടപ്പെടുത്തുവാൻ പിശാചിന്നു എത്ര ബുദ്ധിമുട്ടു! ആകയാൽ ജീവിതകാലം മുഴുവൻ പിശാചിൻെറ വലയിലകപ്പെടാതെ— മനോഹരമായ ഇഷ്ടപ്രസാദവസ്ത്രത്തിന്നു കേടുഭവിക്കാതെ— ജീവിപ്പാൻ നിങ്ങൾക്കു ആഗ്രഹമുണ്ടോ? ആദ്യകുർബാന കൈക്കൊള്ളൽ വേണ്ട വിധത്തിൽ കഴിച്ച് നല്ല അടിസ്ഥാനം ഇട്ടുകൊൾക. മാതാപിതാക്കന്മാർ ഈ വിഷയത്തിൽ തക്കപോലെ ശ്രദ്ധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. പതിനഞ്ചും പതിനാറും വയസ്സായിട്ടും, സ്നേഹം നിറഞ്ഞ ഈശോയെ ഉൾക്കൊള്ളാതെയും, ദുർഗ്ഗുണങ്ങളിൽ നാൾക്കുനാൾ ശക്തിപ്പെട്ടും നടക്കുന്ന കുട്ടികളെ കാണുന്നതു എത്ര സങ്കടം. മാർച്ച് മാസം ൯-ാംനു-യാണു ഡൊമ്മനിക്കു സാവ്യോ ഭാഗ്യമരണം പ്രാപിച്ച ദിവസം. അതിനാൽ പ്രിയ കുഞ്ഞുങ്ങളേ, ഇക്കാര്യം സംബന്ധിച്ചു നിങ്ങളുടെ സ്നേഹിതൻെറ പക്കൽ നിങ്ങൾ നല്ലപോലെ ഒന്നു ശുപാർശ ചെയ്യണം. ശേഷം പിന്നാലെ.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

---

## മലങ്കരസഭയും മാർപ്പാപ്പാമാരും.

### IV.

"൧൭൪൯-ൽ മാർപ്പാപ്പായുടെ പ്രതിനിധിയായി ഒരു വർഷത്തോളം കൊല്ലത്തുവന്നു താമസിച്ച യോഹന്നാൻ മരിഞ്ഞോളിക്കു പ്രതിമാസം നൂറു പൊൻനാണയവും സ്ഥലം വിട്ടുപോയ അവസരത്തിൽ ആയിരം പൊൻ നാണയവും കൊടുത്ത നമ്മുടെ പൂർവ്വികന്മാർ 'പാപ്പായെന്നുള്ള പേരു കേട്ടിരുന്നില്ലേ?" (Travancore State Manual, PP. 145-6.)

കർമ്മല കുസുമത്തിൻെറ നാലാമത്തെ ഈ ചോദ്യത്തിനു 'കാതോലിക് സഭ' പറഞ്ഞിട്ടുള്ള മറുപടി 'കുസുമ'വായനക്കാരും അറിഞ്ഞിരിക്കേണ്ടതാണല്ലോ.

എന്നാൽ അതിനു മുമ്പായിത്തന്നെ, മേല്പറഞ്ഞ ചോദ്യം 'കാതോലിക്സഭയി'ലേക്കു കടന്നതിനോടെ പ്രതിമാസം നൂറു പൊൻനാണയം കൊടുത്ത വിവരവും സ്റ്റെയിറുമാനുവലിൻെറ പ്രസ്താവനയാണിതെന്നുള്ള വാസ്തവവും മറന്നുപോയിട്ടുണ്ടെന്നുള്ളതു സ്മരണീയമായിരിക്കുന്നു. ഇനി മാസികയുടെ മറുപടി നമുക്കു വായിക്കാം.

"കൊല്ലത്തു താമസിച്ചിരുന്ന നമ്മുടെ പൂർവ്വികന്മാർ ഈ പ്രതിനിധി മുഖാന്തിരവും മറ്റും പാപ്പാ എന്നുള്ള പേരു കേട്ടുകാണണം. ഇദ്ദേഹം കൊല്ലത്തു താമസിച്ച ഇടയ്ക്കു ഏതെങ്കിലും സംഗതിവശാൽ പൊൻനാണയവും കൊടുത്തു എന്നിരിക്കട്ടെ അതുകൊണ്ടു അവരോ അവരുടെ ക്രൂരരായ ശേഷം സുറിയാനിക്കാരോ റോമൻകാതോലിക്കരായി എന്നു വരുന്നുണ്ടോ? ആ കാലത്തും അതിനു മുമ്പും പിമ്പും സുറിയാനിക്കാർ റോമൻ കത്തോലിക്കരായിരുന്നു എന്നു കാണിപ്പാൻ തെളിവു എന്താണു? രക്ഷാസൈന്യത്തിലോ വേറെ മിഷ്യനിലോ പെട്ട മിഷ്യനറിമാൎക്കു സുറിയാനിക്കാരിൽ പലരും ധനസഹായം ചെയ്യുകാണും. അവരുടെ പത്രങ്ങളിലും മറ്റും അങ്ങിനെ പ്രസിദ്ധപ്പെടുത്തിട്ടും ഉണ്ടായിരിക്കും. രണ്ടു മൂന്നു നൂറ്റാണ്ടു കഴിഞ്ഞ ശേഷം പണം കൊടുത്തു എന്ന രേഖ ചൂണ്ടിക്കാണിച്ചു കൊണ്ടു സുറിയാനിക്കാർ രക്ഷാസൈന്യത്തിൽ പെട്ടവരായിരുന്നെന്നു അവരിൽ ഒരുത്തൻ വാദിക്കുന്നു എന്നിരിക്കട്ടെ. ഒരു ചരിത്രകാരൻ ഈ വാദന്യായം സ്വീകരിക്കുമോ? ഇതുപോലെയൊരു ന്യായമല്ലേ കുസുമന്യായം!"

തിരുവിതാംകൂർ സ്റ്റെയിറുമാനുവലിൽ ഇതേപ്പറ്റി പ്രസ്താവിച്ചിട്ടുള്ള ഭാഗങ്ങളോ, മിസ്റ്റർ മെക്കൻസയുടെ Christianity in Travancore എന്ന പുസ്തകമോ ഒരു പ്രാവശ്യം മനസ്സിരുത്തി വായിച്ചിരുന്നെങ്കിൽ 'കാതോലിക സഭാ'ലേഖകൻ തൻെറ ഊഹത്തെമാത്രം അടിസ്ഥാനപ്പെടുത്തിയുള്ള ഈ വിധ സമാധാനങ്ങൾ ഇത്ര എളുപ്പം പുറത്തു കൊണ്ടുവരികയില്ലായിരുന്നു. "As a perquisite of my office as Pope's Lagate" "മാർപ്പാപ്പായുടെ സ്ഥാനപതി എന്ന എൻെറ ഉദ്യോഗത്തിന്നു പ്രതിഫലമായി" പ്രതിമാസം നൂറുപൊൻപണം വീതവും പിന്തിരികയിൽ ആയിരം പണവും തനിക്കു ലഭിച്ചതായിട്ടാണു മരിഞ്ഞോളി രേഖപ്പെടുത്തിയിരിക്കുന്നതു്. ഭാരതീയസഭാനേതാക്കന്മാരായ മെത്രാന്മാരുടെ ചെലവുകൾ അവരുടെ അധികാരത്തിൽപ്പെട്ട ക്രിസ്ത്യാനികൾ തന്നെയാണു നിർവഹിച്ചിരുന്നതു്. ഇതിനു പുറമെ പാത്രിയർക്കീസിനും അവർ തലക്കാണം അയച്ചുകൊടുത്തിരുന്നു. ഈ നടപ്പു അനുസരിച്ചു, മരിഞ്ഞോളി ഒരാണ്ടും നാലുമാസവും കൊല്ലത്തു താമസിച്ചതിനിടക്കു തനിക്കു സിദ്ധിച്ച വരുമാനത്തെക്കുറിച്ചാണു അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നതെന്നു തെളിവാകുന്നു. ഈ വിധമുള്ള ഒരു രക്ഷാസൈന്യമിഷ്യനറിയുടെ സാക്ഷ്യം എത്ര നൂറ്റാണ്ടുകൾ കഴിഞ്ഞു പ്രത്യക്ഷപ്പെട്ടാലും അതിനെ വേണ്ടപോലെ ഗ്രഹിക്കുന്നതിനു അന്നുള്ള ചെറിയ കുട്ടികൾക്കു പോലും വിഷമമുണ്ടാകുമെന്നു തോന്നുന്നില്ല.

## തിരുഹൃദയഭക്തന്മാർ ഫെബ്രുവരി മീനമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

### വിവാഹത്തിൻെറ പരിശുദ്ധത.

വിവാഹമെന്നതു ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള സ്വാഭാവികമായ ഒരുടമ്പടി മാത്രമല്ല, ക്രിസ്തീയ സഭയിൽ അതു മ്ശിഹായാൽ സ്ഥാപിതമായ ഒരു കൂദാശയു

മായിരിക്കുന്നു. അതിനാൽ വി. പൌലോസു പറയുന്നു: "ഭർത്താക്കന്മാരേ! നിങ്ങളുടെ പത്നികളെ സ്നേഹിപ്പിൻ. മിശിഹാ സഭയേ സ്നേഹിക്കയും, അതിനുവേണ്ടി തന്നത്താൻ ഏല്പിച്ചുകൊടുക്കയും ചെയ്തതുപോലെ തന്നെ.... മനുഷ്യരും അവരുടെ ഭാര്യമാരേ സ്വന്തശരീരങ്ങളേപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഇതിനാൽ ഒരു മനുഷ്യൻ അവൻെറ മാതാപിതാക്കന്മാരേ വിടുകയും അവൻെറ പത്നിയോടു ചേർന്നിരിക്കയും, അവർ ഒരു മാംസമായിരിക്കുകയും വേണം. ഇതു ഒരു വലിയ കൂദാശയാകുന്നു. എങ്കിലും ഞാൻ മിശിഹായിലും സഭയിലും പറയുന്നു." (അപ്പസാ. V. 25. 32.)

സ്ത്രീയും പുരുഷനും തമ്മിലുള്ള വിവാഹ ബന്ധം മിശിഹായും സഭയും തമ്മിലുള്ള ഐക്യത്തിനു തുല്യമാണെന്നത്രേ വി. അപ്പോസ്തോലൻ പറയുന്നതു്. അതിനാൽ മിശിഹാക്കു തൻെറ തിരുസഭയോടുള്ള യോജിപ്പു അമാനുഷികവും വരപ്രസാദദായകവുമായിരിക്കുന്നതു പോലെ തന്നേ ക്രിസ്തീയ വിവാഹബന്ധവും എത്രയും വിശുദ്ധമായിട്ടുള്ളതാകുന്നു. വി ത്രെന്തോസു സൂനഹദോസ് ഇതേപ്പററി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "പരിശുദ്ധ കൂദാശകളുടെ സ്ഥാപകനും അവയെ പൂർണ്ണപ്പെടുത്തിയവനുമായ മിശിഹാ തന്നേ തൻെറ കഷ്ടാനുഭവത്താൽ സ്വാഭാവികമായ ആ സ്നേഹം പൂർണ്ണതപ്പെടുത്തുന്നതിനും, വേർപിരിച്ചുകൂടാത്തതായ ആ ഐക്യം ഉറപ്പിക്കുന്നതിനും, വിവാഹം ചെയ്യപ്പെട്ടവരെ വിശുദ്ധീകരിക്കുന്നതിനും വേണ്ടിയുള്ള വരപ്രസാദത്തിന്നു നമ്മേ യോഗ്യരാക്കി." (Sess. XXIV.)



വിവാഹബന്ധം ഒരിക്കലും മോചിക്കപ്പെടാൻ പാടില്ലാത്ത പരിശുദ്ധമായ ഒരുടമ്പടിയാകുന്നു. കുടുംബങ്ങളുടേയും സമുദായത്തിൻെറയും ശാശ്വത നന്മക്കു എത്രയും ആവശ്യമായ ഈ അലംഘനീയതയെ മിശിഹാ തന്നെ ഏർപ്പെടുത്തിയിട്ടുള്ളതാണു. ഫ്രീശന്മാർ ഇതേപ്പററി ദിവ്യരക്ഷകനോടു വാദിക്കയുണ്ടായി. "ദൈവം കൂട്ടിച്ചേർത്തതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (വി. മത്തായി XIX. 6.) എന്നുള്ള കർശനമായ വിധിയാണ് അവരോടു താൻ കല്പിച്ചതു്. "ഒരു മനുഷ്യൻെറ സംഗതി തൻെറ ഭാര്യയോടു ഇപ്രകാരമാണെങ്കിൽ വിവാഹം ചെയ്യുന്നതു നന്നല്ല" എന്നു തൻെറ ശിഷ്യന്മാർ കൂടെയും ആവലാതിപ്പെട്ടതായി സുവിശേഷത്തിൽ കാണുന്നുണ്ടെങ്കിലും, ദിവ്യഗുരു തൻെറ പ്രമാണത്തെ കുറേക്കൂടെ ദൃഢപ്പെടുത്തിയതല്ലാതെ ഒട്ടും മയപ്പെടുത്തുകയുണ്ടായില്ല. കത്തോലിക്കാസഭ തൻെറ ദിവ്യമണവാളൻെറ ഈ ശാസനത്തെ ഏതൽക്കാലപര്യന്തം കൃത്യമായി നിർവ്വഹിച്ചുപോരുന്നു. സ്വാതന്ത്ര്യപ്രിയന്മാരായ ഇതരക്രിസ്തീയ വകുപ്പുകർ കത്തോലിക്കരുടെ ഈ നിഷ്കർഷയെ അപഹസിക്കയും, മിശിഹായുടെ പഠനത്തിൽനിന്നു വ്യതിചലിക്കയും ചെയ്തുകൊണ്ടു വിവാഹമോചനത്തിനു അനുവദിച്ചുതുടങ്ങിയതിൻെറ ഫലം ഇപ്പോൾ അവർക്കുതന്നെ ബോദ്ധ്യപ്പെട്ടുവരുന്നുണ്ട്. ഈ നില കുറേക്കൂടെ നീളുകയാണെങ്കിൽ ഇക്കൂട്ടരുടെ സാമുദായിക സ്ഥിതി എന്തായിത്തീരുമെന്നു ഊഹിപ്പാൻതന്നെ പ്രയാസം. അതിനാൽ ക്രിസ്തീയലോകം വിവാഹമെന്ന കൂദാശയുടെ വിശുദ്ധത മേലാൽ വഴിപോലെ മനസ്സിലാക്കി പ്രവൃത്തിക്കുന്നതിനുവേണ്ടി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രാർത്ഥിപ്പാറാകണം.

മേടമാസം – "കത്തോലിക്കാ പൌരന്മാരുടെ ചുമതല".

# പുതിയ പ്രസിദ്ധീകരണങ്ങൾ.

## 1. മാർ തോമ്മാ ക്രിസ്ത്യാനികൾ.

രണ്ടാം ഭാഗം.

സെന്റു ജോസഫ് പ്രസ്സ്, മാന്നാനം.
വില 1 രൂ. 4 അണ.

പുരാതനമായ കേരളീയ ക്രിസ്തീയ സഭയുടെ വിശ്വാസയോഗ്യമായ ഒരു പൂർണ്ണ ചരിത്രഗ്രന്ഥം ഇല്ലാതിരുന്നതിനാലുള്ള ആക്ഷേപാർഹമായ ന്യൂനത 1916-ൽ ക. നി. മൂ. സ. ബ. ബർണ്ണാർദച്ചൻ അവർകൾ എഴുതി പ്രസിദ്ധീകരിച്ച "മാർ തോമ്മാ ക്രിസ്ത്യാനികൾ" ഒന്നാം പുസ്തകംകൊണ്ടു ഒരുവിധം പരിഹരിക്കപ്പെടുകയുണ്ടായി. എന്നാൽ ഉദയംപേരൂർ സൂനഹദോസുവരെയുള്ള ഭാഗങ്ങൾ മാത്രമേ അതിൽ അടങ്ങിയിരുന്നൊള്ളു. അതിനാൽ പ്രസ്തുത കൃതിയുടെ രണ്ടാം ഭാഗത്തെ മലങ്കരസഭ ഉൽക്കണ്ഠാപൂർവ്വം പ്രതീക്ഷിച്ചുകൊണ്ടിരിക്കയായിരുന്നു. ഗ്രന്ഥകാരനു തദനന്തരം നേരിട്ട അസ്വാസ്ഥ്യങ്ങൾ നിമിത്തം ഇത്രത്തോളം കാലതാമസം സംഭവിക്കേണ്ടതായി വന്നെങ്കിലും, പൂർവ്വഭാഗംപോലെതന്നെ അത്യന്തം ശ്ലാഘനീയമായവിധത്തിൽ ഉത്തരഭാഗവും ഇതാ സമുദായസമക്ഷം സമർപ്പിച്ചിരിക്കുന്നു. ഉദയംപേരൂർ സൂനഹദോസു മുതൽ ആധുനികകാലംവരെയുള്ള സംഭവങ്ങൾ സരസമായും നിഷ്പക്ഷമായും, നിർഭയമായും ഇതിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഫാദർ ബർണ്ണാർഡ് അവർകളുടെനേർക്കു കേരളീയ സഭക്കുള്ള അകൈതവമായ കൃതജ്ഞതയെ ഞങ്ങൾ ഈ തരുണത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു. വിശേഷ മേനിക്കടലാസിൽ ഡെമ്മി എട്ടിൽ നാനൂറോളം പക്ഷങ്ങളുള്ള ഈ പുസ്തകത്തിനു ഒന്നേകാൽ രൂപാ വിലവച്ചിരിക്കുന്നതു ഒട്ടും കൂടുതലാണെന്നു പറവാനില്ല.

## 2. Annual Report
Seminarits' Lit Association
Puthenpally.

പുത്തമ്പള്ളി സെമ്മിനാരി സാഹിത്യസമാജത്തിന്റെ എട്ടാമത്തെ വാർഷിക റിപ്പോർട്ടാണു ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്നതു്. കേരളീയ കത്തോലിക്കാസഭയുടെ ഭാവിശ്രേയസ്സു ആരെ ആശ്രയിച്ചിരിക്കുന്നുവോ, ആ നവവൈദിക ഗണത്തിന്റെ അഭ്യസനരംഗമായ പുത്തൻപള്ളി സെമ്മിനാരിയെപ്പറ്റി ഞങ്ങൾക്കുള്ള നിർവ്യാജമായ മതിപ്പു ഈ പംക്തികളിൽ പലപ്പോഴും പ്രത്യക്ഷപ്പെടുത്തിയിട്ടുള്ളതാണ്. നിരൂപണവിഷയമായ ഈ വാർഷിക റിപ്പോർട്ടു പ്രസ്തുത മതിപ്പു എത്രമേൽ വർദ്ധിക്കുന്നതിനു കാരണമായിട്ടുണ്ടെന്നു പറവാനസാദ്ധ്യം. സഭക്കും സമുദായത്തിനും സാക്ഷാൽ പ്രയോജകീഭവിക്കത്തക്ക ഉത്തമ വൈദികർ നമുക്കുണ്ടായിത്തീരുന്നതിനു സെമ്മിനാരി ഭാരവാഹികൾ നിരന്തര പരിശ്രമം ചെയ്യുന്നുണ്ടെന്നുള്ളതു് ഈ റിപ്പോർട്ടിൽ നിന്നുതന്നെ പ്രസ്പഷ്ടമാകുന്നുണ്ട്. വെറി റവ. ഫാദർ ജോൺ ജോസഫ് അവർകൾ സെമ്മിനാരി സംബന്ധിച്ചു ചെയ്യുന്ന ഏതാദൃശമായ സകല ശ്രമങ്ങളേക്കുറിച്ചും അദ്ദേഹത്തെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുന്നു.

## '3. The Standard, Trivandrum.'
Annual subscription Rs 6.

മേല്പറഞ്ഞ പേരിൽ തിരുവനന്തപുരത്തുനിന്നു കത്തോലിക്കരുടെ വകയായി പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന ഇംഗ്ലീഷ് പ്രതിവാരപ്പത്രത്തിന്റെ ഒന്നും രണ്ടും ലക്കങ്ങൾ നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. തലസ്ഥാന നഗരത്തിൽ ഇപ്രകാരമുള്ള ഒരു പത്രത്തിന്റെ ആവശ്യകത എത്രമാത്രമുണ്ടെന്നു് ഇക്കാലത്തു ആരേയും പറഞ്ഞറിയിക്കേണ്ടതില്ല. ആകയാൽ മെസ്സേഴ്സ് ഹോഗാർഫ്, മുത്തുനായകംപിള്ള മുതലായവരുടെ ഈ ഉദ്യമം സർവ്വഥാ അഭിനന്ദനീയംതന്നെ. കത്തോലിക്കരായ മഹത്തുക്കൾ എല്ലാപ്രകാരത്തിലും അവരെ പ്രോത്സാഹിപ്പിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

## 4 വി. ജി. പ്രസ്സ് കലണ്ടർ.

നി. വ. ദിവ്യശ്രീ കുര്യാളശ്ശേരിൽ മാർ തോമ്മാ മെത്രാനച്ചൻ തിരുമനസ്സിലെ കമനീയമായ ഛായാപടത്തോടുകൂടി കോട്ടയം വി. ജി. പ്രസ്സിൽനിന്നു പ്ര

സിദ്ധപ്പെടുത്തിയിട്ടുള്ള 1923-ലെ ഒരു ട്ടുക്ക പഞ്ചാംഗം കൃതജ്ഞതാപുരസ്സരം സ്വീകരിച്ചിരിക്കുന്നു. വിവിധ വർണ്ണങ്ങളിൽ ഭംഗിയായി അടിച്ചിട്ടുള്ള ഈ കലണ്ടറിൽ എല്ലാവരും അറിഞ്ഞിരിക്കേണ്ട പല വിവരങ്ങൾ ചേർത്തിട്ടുള്ളതു അതിനു ഒരു വിശേഷ ഭൂഷണമായിരിക്കുന്നു. വി. ജി. പ്രസ്സുകാരുടെ ലോകോപകാരപ്രദങ്ങളായ ശ്രമങ്ങളെ ഞങ്ങൾ വീണ്ടും വീണ്ടും അഭിനന്ദിക്കുന്നു,

# വർത്തമാനസംഗ്രഹം.

## കേരളം.

തിരുവിതാംകൂറിൽ എത്ര മിഷ്യനറിമാരും, എത്ര പള്ളിക്കൂടങ്ങളുമുണ്ടെന്നു കണക്കെടുക്കണമെന്നു ദിവാൻജി ആവശ്യപ്പെട്ടതനുസരിച്ചു എല്ലാ പാർവത്യകാരന്മാർക്കും ഉത്തരവു വന്നിരിക്കുന്നതായി അറിയുന്നു.

* * *

കോട്ടയം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു റോമ്മായിക്കു പോയിരുന്ന അവസരത്തിൽ മെസ്സേഴ്സ് ജോസഫ് വെള്ളാപ്പള്ളി ബി. ഏ. ബി. എൽ., തോമ്മസ് മാക്കി ബി. ഏ. ബി. എൽ. എന്നിവർക്കു പരിശുദ്ധ പിതാവിൽനിന്നു അപേക്ഷിച്ചു ലഭിച്ച "പ്രോ എക്ലേസ്യാ എത്ത് പൊന്തീഫച്ചേ" (സഭയ്ക്കും മേല്പട്ടക്കാരനും വേണ്ടി) എന്നുള്ള സ്ഥാനത്തിന്റെ ബഹുമതിചിഹ്നങ്ങൾ ജനുവരി ൨൯-ാംനു- കോട്ടയം തിരുഹൃദയക്കുന്നു ബംഗ്ലാവിൽവച്ചു സാഘോഷം അവർക്കു നൽകപ്പെട്ടിരിക്കുന്നു.

* * *

മൈസൂർ മഹാരാജാവു അടുത്ത മെയ്മാസത്തിൽ തിരുവിതാംകൂർ സന്ദർശിക്കുന്ന അവസരത്തിൽ കൊച്ചിയിലും പോകുന്നതാണെന്നു കേൾക്കുന്നു.

* * *

കേരളീയ കത്തോലിക്കാ കോൺഗ്രസ്സ് മെയ്മാസം ൧൭-ാംനു- ആലപ്പുഴവച്ചു നടത്തുന്നതിനു വേണ്ട ഒരുക്കങ്ങൾ ഊർജ്ജിതത്തിൽ തുടങ്ങിയിരിക്കുന്നതായറിഞ്ഞു സന്തോഷിക്കയും പ്രോത്സാഹകന്മാരെ അഭിനന്ദിക്കയും ചെയ്യുകൊള്ളുന്നു.

* * *

മാന്നാനം പള്ളിയിൽ നിന്നു പണിയിച്ചു ഗവമ്മേണ്ടിലേക്കു വിട്ടുകൊടുത്തിരുന്ന ഇംഗ്ലീഷ് മിഡിൽസ്കൂൾ മേലാൽ ഇടവകയിൽനിന്നു നടത്തിക്കൊള്ളുന്നതിനു അനുവദിച്ചിരിക്കുന്നു. പള്ളി വകയായി മററു സ്ഥലങ്ങളിലുള്ള ഗവമ്മേണ്ടു വിദ്യാലയങ്ങളും ഈ സംഗതി അറിഞ്ഞിരുന്നാൽ തരക്കേടില്ല.

* * *

റവന്യൂ ദേവസ്വവിഭജനം കഴിഞ്ഞിട്ടും അതിൽനിന്നുദ്ദേശിക്കപ്പെട്ട ഫലം ഇതേവരെ സിദ്ധിച്ചുകാണുന്നില്ല. ക്രിസ്ത്യാനികളിൽനിന്നു രണ്ടു ഡിവിഷൻ അസിസ്റ്റൻറുമാരും, രണ്ടു തഹശീൽദാരന്മാരും മാത്രമാണ് ഇതിനകം നിയമിക്കപ്പെട്ടിട്ടുള്ളതു്. പൌരസമത്വ വാദികളുടെ ശ്രദ്ധ ഇനിയും ഈ വിഷയത്തിൽ പതിയേണ്ടിയിരിക്കുന്നു.

## ഇൻഡ്യാ.

മദ്രാസ് സെനററുസഭയിൽ തള്ളപ്പെട്ട പുതിയ സർവ്വകലാശാലാബിൽ ഏതാനും ചില ഭേദഗതികളോടുകൂടി നിയമസഭയിൽ പാസ്സാക്കപ്പെട്ടിരിക്കുന്നു. മദ്രാസിനുപുറമേയുള്ള കോളേജുകളുടെ പ്രശസ്തിക്കു ഈ ബിൽ സർവ്വപ്രകാരേണയും ഉപദ്രവകരമായിട്ടാണിരിക്കുന്നതു്.

* * *

൧൯൨൧ മാർച്ച് ൧൮-ാംനു- എടുത്ത ജനസംഖ്യയുടെ കണക്കുകൾ വെളിക്കു വന്നിരിക്കുന്നു. ഇൻഡ്യയിൽ ഇപ്പോൾ ആകെ ൩൧ കോടി ൮൯ ലക്ഷത്തി നാല്പത്തീരായിരത്തിച്ചില്വാനം ജനങ്ങളാണുള്ളതു്. ൧൯൧൧-ൽ എടുത്ത കണക്കിനുശേഷം അമ്പത്തേഴരലക്ഷത്തിൽപരം വർദ്ധിച്ചിട്ടുണ്ടു്. ഹിന്തുക്കൾക്കു വർദ്ധനവു നന്നാ കുറവായിട്ടു കാണുന്നു. ക്രിസ്ത്യാനികൾ ൩൯ ലക്ഷത്തിൽ നിന്നു ൪൭ ലക്ഷമായി വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു ചാരിതാർത്ഥ്യജനകം തന്നെ.

# സിദ്ധൌഷധക്കുറിപ്പുകൾ.

## മദ്യപാനികൾക്ക്.

മദ്യപാനം നിറുത്തുവാൻ ദിവസേന നന്നാലുമധുരനാരങ്ങാ ഉപയോഗിച്ചു ശീലിച്ചാൽ മാതിയാകുമെന്നു ഒരു വൈദ്യൻ അഭിപ്രായപ്പെടുന്നു. രാവിലെ ഭക്ഷണത്തിനു മുമ്പു ഒന്നും, പതിനൊന്നു മണിക്കു ഒന്നും, ഉച്ചതിരിഞ്ഞു മൂന്നുമണിക്കു ഒന്നും, വൈകുന്നേരം ൬ മണിക്കു ഒന്നും, ഇങ്ങനെ നാലുനാരങ്ങാ നിയമേന തിന്നാൽ മതിയാകുന്നതാണത്രെ.

കെ. ചിന്താമണി.

## മസൂരിക്കു.

ഏഴപാണലിൽ നിന്നായി ഏഴകുരുന്നുകൾ പറിച്ചു വെള്ളത്തിലരച്ചു താനിക്കാ പ്രമാണത്തിലുരുട്ടി. രണ്ടുമൂന്നു പ്രാവശ്യമായി ചൂടുവെള്ളത്തിൽ സേവിക്കണം. രോഗത്തിന്റെ ആരംഭത്തിൽ ഇങ്ങനെ സേവിക്കുന്ന പക്ഷം രോഗം ഉടനേ ശമിക്കുന്നതാണെന്നു മാത്രമല്ല ബാധിച്ചാലും അതു നിസ്സാരമായി പരിണമിക്കുന്നതുമാണു.

ന. ദീപിക.

---

റവ ഫാദർ ഹേറാസ്റ്റൻ എസ്. ജെ. അവർകൾ കഴിഞ്ഞമാസത്തിൽ മൈലാപ്പൂർ നടത്തിയ ചില ചരിത്രപരിശോധനകളിൽ, സ്ലീവാ അടയാളത്തോടു കൂടിയ പല പുരാതന കിണറുകൾ സമീപസ്ഥലങ്ങളിൽ കണ്ടെത്തിയതായും, പൂർവ്വകാലംമുതൽ ക്രിസ്ത്യാനികൾ അവിടെ താമസിച്ചിരുന്നതിലേക്കു വേറെയും ലക്ഷ്യങ്ങൾ കണ്ടുകിട്ടിയിട്ടുള്ളതായും 'മദ്രാസ് മെയിൽ' പ്രസ്താവിക്കുന്നു.

## ഇററലി.

മാർപ്പാപ്പാ തിരുമനസ്സിലെ ഒന്നാമത്തെ പരസ്യലേഖനം ഡിസംബർ 23ാം തീയതിയാണു റോമയിൽ പരസ്യപ്പെടുത്തിയിട്ടുള്ളതു്.

* * *

യുദ്ധകാലത്തു കേടുവന്നിട്ടുള്ള ദേവാലയങ്ങളുടെ പുനരുദ്ധാരണത്തിനായി ഇററാലിയൻ ഗവമ്മെണ്ടു ൩൦ ലക്ഷം ലീര അനുവദിച്ചിരിക്കുന്നു.

* * *

ഇപ്പോഴുള്ള അറുപത്തിരണ്ടു കർദ്ദിനാളന്മാരിൽ ൩൦ ഇററാലിയൻകാരും ൩൨ വിദേശീയരുമാണ്. വിദേശീയരിൽ ൭ ഫ്രഞ്ചുകാരും ൬ ജർമ്മൻകാരും, ൫ സ്പെയിൻകാരും, ൨ ഇംഗ്ലീഷ്കാരും ൨ വടക്കെ അമേരിക്കാക്കാരും ൨ പോളണ്ടുകാരുമുണ്ടു്. ബാക്കിയുള്ള എട്ടുപേർ, ഐർലണ്ടു്, ബെൽജിയം, ഹംഗ്രി, പോർട്ടുഗൽ, ഹോളണ്ടു, മൊറേവിയാ, തെക്കെഅമേരിക്കാ, കാനഡാ എന്നീ രാജ്യങ്ങളിൽനിന്നുള്ള ഓരോ കർദ്ദിനാളന്മാരാണു്.

പുതിയ ഇററാലിയൻ മന്ത്രി സിഞ്ഞോർ മുസ്സോലീനിയെപ്പററി പൊതുവേയുള്ള തൃപ്തി ഒന്നിനൊന്നു പ്രബലപ്പെട്ടുവരികയാണ്. കുരിശുരൂപങ്ങളും രാജാവിന്റെ ഛായാപടങ്ങളും വീണ്ടും വിദ്യാലയങ്ങളിൽ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. പള്ളിക്കൂടങ്ങളിലെല്ലാം വേദപഠനം നിർബന്ധമാക്കിയിരിക്കുന്നു.

## ഐർലണ്ടു്.

മത്സരക്കാരായ റിപ്പബ്ളിക്കൻ കക്ഷിയുടെ ശക്തി നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. പൂർണ്ണസ്വാതന്ത്ര്യം കിട്ടാതെ അടങ്ങുന്നതല്ലെന്നു ഡിവലേരായും കൂട്ടരും ശഠിക്കുന്നു. ഫ്രീസ്റ്റെയിററു പ്രസിഡണ്ടു കോസ് ഗ്രേവ് സ്ഥിതിഗതികളെപ്പററി ആലോചിക്കുന്നതിനു ലണ്ടനിലേക്കു പുറപ്പെട്ടിട്ടുണ്ടു്.

## ജർമ്മനി.

നമ്മുടെ മിസ്റ്റർ പി. ജെ. തോമസ് ജർമ്മനിയിലെ പല സ്ഥലങ്ങൾ ചുററിനടന്നു കണ്ടശേഷം ഇംഗ്ലണ്ടിലേക്കു മടങ്ങിയിരിക്കുന്നു. റൂർപ്രദേശങ്ങളിലെ ഓരോ സ്ഥലത്തെക്കുറിച്ചും നമ്മുടെ നാടിനെപ്പോലെ അദ്ദേഹത്തിനു പരിചയപ്പെട്ടിട്ടുണ്ടെന്നും, അമേരിക്കാ ഇടപെടാത്തപക്ഷം ഒരു യുദ്ധം ഉടനെ ഉണ്ടാകുമെന്നും അദ്ദേഹം എഴുതിയിരിക്കുന്നു.

## അമേരിക്കാ.

പുതിയ ഡലഗാദപ്പസ്തോലിക്കാ മൊൺസിഞ്ഞോർ ഫുമസോണി ബിയോൻഡി വാഷിങ്ങ്ടനിൽ എത്തിയിരിക്കുന്നു.

## മനോഗുണവിവരങ്ങൾ.

☞ ചുരുക്കമായി ഈ വിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചിരിക്കണം.

വിശുദ്ധ കർമ്മെലനാഥയുടെ സഹായത്താൽ ഞാൻ കഴിഞ്ഞകൊല്ലത്തേ പരീക്ഷയിൽ വിജയിയായിരിക്കുന്നു.

സി. എം. സി. കോട്ടപ്പടി.

എനിക്കു പിടിപെട്ട ആപൽക്കരമായ രോഗത്തിൽനിന്നു പഴയൂർ മാർ അന്തോനീസിൻെറ മാദ്ധ്യസ്ഥത്താൽ സുഖം പ്രാപിച്ചതിനു കുസുമം വഴി ഉപകാരസ്മരണ ചെയ്യുന്നു.

കെ. സി. എം. തൃശൂർ.

കർമ്മെലനാഥയുടെ സഹായത്താൽ എനിക്കു ലഭിച്ചിരിക്കുന്ന അസാധാരണ മനോഗുണത്തിനു ആ അമ്മയുടെ നേക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

എൽ. ബി. ഏഫ്. പൈനാങ്കു.

ചെങ്ങലത്തു മാർ. അന്തോനീസിൻെറ മാദ്ധ്യസ്ഥത്താൽ എൻെറ ഭാര്യയുടെ പ്രസവകാലത്തുണ്ടായ അപകടം നീങ്ങികിട്ടിയതിൻെറ ഉപകാരസ്മരണ.

പി. വി. എം. തൃശൂർ

എൻെറ കുടുംബത്തിൽ സമാധാനം ഉണ്ടാകുന്നതിനായി തിരുഹൃദയത്തോടും വി. യൌസേപ്പുപിതാവിനോടും, ചെങ്ങലത്തു മാർ അന്തോനീസിനോടും പ്രാർത്ഥിച്ചു സാധിച്ചതിനേക്കുറിച്ചു നന്ദിപറയുന്നു.

സി. വി. മണിമല

കാണാതെ പോയ ഒരാടു ചെങ്ങലത്തു വി. അന്തോനീസിൻെറ സഹായത്താൽ തിരികെ വന്നതിനു ഉപകാരസ്മരണ ചെയ്യുന്നു.

വി. എം തൃശൂർ.

## ചരമവാർത്തകൾ

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

(൧). ക. നി. മൂ. സ. ബ. കാർളോസച്ചൻ അവർകളുടെ പിതൃവ്യനായ ഭരണങ്ങാനം ഇടവകയിൽ തറപ്പേൽ ബ. അബ്രാഹം അച്ചൻ അവർകൾ ഫെബ്രുവരി ൧൭-ാംനു- ബുധനാഴ്ച ൭൯ വയസ്സ്.

(൨) കായംകുളം ഇടവക മിസ്സിസ് കാറലൈൻ ബോത്താ ജനുവരി ൨൨-ാംനു-. ൫൨ വയസ്സ്

(൩) ആനിക്കാട്ടു ഇടവക ഇല്ലിക്കൽ അവിരാ അവിരാ. വയസ്സു ൭൬.

(൪) തുറവൂർ കരയിൽവെറമ്പിൽ അന്ന ഫെബ്രുവരി ൩൩- ശനിയാഴ്ച.

(൫) കൈപ്പുഴ ഇടവക പള്ളിക്കിഴക്കേതിൽ ചാക്കോ ഫെബ്രുവരി ൧൭- ൩൨ വയസ്സ്.

(൬) കാവാലം ഇടവക കണ്ണാടി പുത്തൻകളത്തിൽ ഇട്ടിയവിരാ ഔസേപ്പു ഫെബ്രുവരി ൮- ൭൨ വയസ്സ്.

## വിശുദ്ധ ഗീതമാല - രണ്ടാംപതിപ്പ്.

റവ. ഫാദർ തോമസ് ചാലങ്ങാടി അവർകൾ എഴുതിയ പ്രസ്തുത പുസ്തകത്തിൻെറ രണ്ടാം പതിപ്പു തയ്യാറായിരിക്കുന്നു. കുസുമഗ്രന്ഥാവലിയിൽപ്പെട്ട "ദൈവമാതാവിൻെറ വണക്കമാസപ്പാട്ടുകൾ" ഇതോടു ചേർത്തു അച്ചടിച്ചിട്ടുണ്ട്. വില ചക്രം ൩ മാത്രം.

സൂപ്രണ്ട്, സെൻറ് ജോസഫ് പ്രസ്സ്, മാന്നാനം.

Printed and Published for the Proprietor by P. K. Josehp at
St. Joseph's Press Mannanam, 1923.

## The Sentinel of the Blessed Sacrament.

The Sentinel of the Blessed Sacrament is one of the leading Catholic periodicals of the day. Its ideal is high, its aim is higher. It exists but to foster devotion to the Divine Host in our Tabernacles. Its sole ambition is to make Him better known, loved and served the whole world over. Its one prayer is, "That His Eucharistic Kingdom Come!"

Will you join? Send your remittance by registered mail, money-order or check to the address below.

Subscription Price $ 2.00 a year in the United States
2.10 ,, ,, Canada
2.25 ,, ,, Elsewhere.

**The Fathers of the Blessed Sacrament**

614 Sibley Street
Chicago, Illinois

-or-

185 East 76th Street
New York, N. Y.



## കർമ്മലകുസുമം.

പഴയ ലക്കങ്ങൾ കൂട്ടിക്കെട്ടിയത്— ഏതാനും പ്രതികൾ വില്പാനുണ്ട്. ഒന്നു മുതൽ പത്തുവരെ പുസ്തകങ്ങൾ, ഉള്ളടക്കത്തോളം ലക്കങ്ങൾ കുസുമദീപികസഹിതം ഭംഗിയായി കൂട്ടിക്കെട്ടിയതിനു വില രൂപാ മൂന്നര.

പത്തു മുതൽ ഇരുപതുവരേ പുസ്തകങ്ങൾ ഉള്ളടക്കത്തോളം ലക്കങ്ങൾ ചേർത്ത് കുസുമദീപികയോടുകൂടി ഭംഗിയായി ബയിണ്ടു ചെയ്തതിനു വില രൂപാ നാലു.

തപാൽക്കൂലി പുറമെ. ആവശ്യക്കാർ സ്റ്റാമ്പായിട്ടോ മറേറാ അര രൂപാ മുമ്പേർ അയച്ചിരിക്കണം.

മാനേജർ, കർമ്മലകുസുമം.



## മാർ തോമ്മാ ക്രിസ്ത്യാനികൾ (രണ്ടാംഭാഗം)

റവ. ഫാദർ ബര്ണ്ണാർഡ് സി. ഡി. അവർകളുടെ ചിരപ്രതീക്ഷിതമായ ഈ കൃതി ഇതാ അടിച്ചുകഴിഞ്ഞിരിക്കുന്നു. വില്പാൻ തയ്യാർ.

വില രൂപാ 1, അണ 4.

സൂപ്രണ്ട്, സെൻറു ജോസഫ് പ്രസ്സ്, മാന്നാനം.



# വില്പാൻ തയ്യാർ.

കർത്താവിൻെറ തിരുഹൃദയപടം ആദിയായി മതസംബന്ധവും ഭക്തിജനകവും ആയ പലേ വലിപ്പത്തിലും വിവിധവർണ്ണങ്ങളിലുമുള്ള പടങ്ങൾക്കു പുറമെ, പതിനൊന്നാംപീയൂസ്സ് മാർപാപ്പ തിരുമനസ്സിലേയും, ഡെലിഗെററു പീററർപിസാനി തിരുമനസ്സിലേയും, ഗിബൺസ്സ് കർദിനാൾ, ലവീഞ്ഞു മെത്രാൻ, വരാപ്പുഴ ബര്ണ്ണാർഡ് മെത്രാപ്പോലീത്താ എന്നീ മഹാന്മാരുടേയും, ചങ്ങനാശേരി, കോട്ടയം, എറണാകുളം, തൃശ്ശൂർ, എന്നീ മിസ്സങ്ങളെ ഇപ്പോൾ ഭരിക്കുന്ന മെത്രാന്മാരുടേയും പടങ്ങൾ, റൈട്ടിംഗ് പാഡ് എഴുത്തുകടലാസുകൾ, എഴുത്തുകൂട്ടുകൾ, ചുവർപഞ്ചാംഗം, ഇൻവിറേറഷൻ കാർഡുകൾ, വിസിററിംഗ് കാർഡുകൾ, നോട്ടുബുക്കുകൾ, ചെക്കുറോൾ, കണക്കുപുസ്തകങ്ങൾ മുതലായവ മിതമായനിരക്കിനു മൊത്തമായും ചില്ലറയായും വില്പാൻ തയ്യാർ.

മാനേജർ. വി. ജി. പ്രസ്സ്, കോട്ടയം.

Registered No. M. 365. No: T. 54.

# പി. പാപ്പിക്കമ്പനി
## മാന്നാനം.

### രൂപക്കൂട് സാമാനങ്ങൾ

| ചെമ്പാപ്പട്ട നീളം വളയം | | Rs. | as. | p. |
|---|---|---|---|---|
| ൨-ാം ,, പിരിച്ചതു ൨ | ,, | 0 | 10 | 0 |
| ൩-ാം ,, ൨ | ,, | 0 | 9 | 0 |
| ൪-ാം ,, ൧ | ,, | 0 | 4 | 6 |
| ൧-ാം കമ്പി | ,, | 0 | 3 | 6 |
| ൨-ാം ,, | ,, | 0 | 3 | 6 |
| ൩-ാം ,, ൧ | ,, | 0 | 4 | 6 |
| ൪-ാം ,, ൧ | ,, | 0 | 5 | 0 |
| അക്കമുടി ൧-ാംതരം ൧ | ,, | 1 | 6 | 0 |
| ടി. ൨-ാംതരം ൧ | ,, | 1 | 0 | 0 |
| അല്പൂസ് ൧-ാംതരം ൧ | ,, | 0 | 6 | 0 |
| ടി. ൨-ാംതരം ൧ | ,, | 0 | 4 | 6 |
| ടി. ൩-ാംതരം ൧ | ,, | 0 | 3 | 0 |
| പെന്തി. (Bridge) ൧ | ,, | 0 | 3 | 0 |
| ആണി. (Screw) ൧ | ,, | 0 | 3 | 0 |
| പരന്തുവാൽ. | | | | |
| ൧-ാംതരം ൧ | ,, | 0 | 12 | 0 |
| ടി. ൨-ാംതരം ൧ | ,, | 0 | 10 | 0 |
| ബുക്കബയണ്ടിംഗിനുള്ള | | | | |
| തങ്കം ബുക്ക ൧ | ,, | 2 | 4 | 0 |
| ടി. വെള്ളി ൧ | ,, | 0 | ൮ | 0 |

### അലൂമിനം കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| No. a. (മുട്ടഭാഷ) ഡസൻ 1ക്ക | | 0 | 1 | 9 |
| ന്വ 1 സെൻറു ജോസഫ് ,, | ,, | 0 | 2 | 3 |
| [illegible] | ,, | 0 | 5 | 0 |
| (വട്ടം) | ,, | 0 | 10 | 0 |
| 100 [illegible] കാശ്ശീഹാ ,, | ,, | 0 | 10 | 0 |
| 101 ടി. പിച്ചള ,, | ,, | 0 | 7 | 0 |
| 50 വി. കുർബാന. | ,, | 0 | 14 | 0 |
| 53 അമലോത്ഭവം. | ,, | 0 | 14 | 0 |
| 56 ടി | ,, | 1 | 2 | 0 |
| 131 തിരുഹൃദയം. | ,, | 1 | 2 | 0 |
| 6434 ,, | ,, | 1 | 2 | 0 |

### അലൂ.വെന്തിഞ്ഞ കാശുരൂപങ്ങൾ

| | | | | |
|---|---|---|---|---|
| 298 മുട്ടഭാഷ. | ,, | 0 | 5 | 0 |
| 324 കുക്കടവൃത്തം. | ,, | 0 | 5 | 0 |
| 231 നീണ്ടഭാഷ | ,, | 0 | 7 | 0 |
| 337 വൃത്തം. | ,, | 0 | 7 | 0 |
| 338 വൃത്തം. ഡസൻ ൧ക്ക | ,, | 0 | 10 | 0 |
| 7030 ചതിര എരട്ടത്തട്ട ചെറുത് | ,, | 0 | 10 | 0 |
| 325 കുക്കടവൃത്തം. | ,, | 0 | 10 | 0 |
| 342 കരിശുഭാഷ. | ,, | 0 | 10 | 0 |
| 7023 ചതിര ഒററത്തട്ട. | ,, | 0 | 14 | 0 |
| 7031 ചതിര എരട്ടത്തട്ട വലുത് | ,, | 0 | 14 | 0 |
| 399 നക്ഷത്രഭാഷ | ,, | 1 | 2 | 0 |
| 321 മുന്തിരിങ്ങാ വള്ളിക്കെട്ട്. | ,, | 1 | 2 | 0 |

### പളുങ്ക് കാശുരൂപങ്ങൾ.

| | | | | |
|---|---|---|---|---|
| 0 0 തിരുഹൃ അമലോ. മുട്ടഭാഷ | ,, | 2 | 4 | 0 |
| 0 ,, ,, ,, | ,, | 3 | 0 | 0 |
| 1 ഇരുവശത്തും പടമുള്ള അരുളിക്ക | ,, | 1 | 11 | 0 |

### പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| 1 വ്യാകുലപങ്കപ്പാട്ടചരിത്രം ൧ക്ക | 1 | 0 | 0 |
| 2 അന്തോനീസിൻ ചരിത്രം | 0 | 5 | 0 |
| 3 കൊച്ചുത്രേസ്യാ ചരിത്രം | 0 | 5 | 3 |
| 4 വ്യാകുലപ്രസംഗം | 0 | 4 | 6 |
| 5 ദേവമാതാവിൻ അമ്മാന | 0 | 8 | 0 |
| 6 ജ്ഞാനസന്ദേശ്ശാൾ അമ്മാന | 0 | 8 | 0 |
| 7 ചോദ്യാദിപാന | 0 | 3 | 6 |
| 8 പുത്തൻപാന | 0 | 4 | 6 |
| 9 ദേവമാതാവിൻ സ്തോത്രമാല | 0 | 2 | 3 |
| 10 സുറിയാനിപൂജസഹായം | 0 | 1 | 3 |
| 11 ലത്തീൻപൂജസഹായം | 0 | 1 | 6 |
| 12 ദേവാലയഗീതം | 0 | 10 | 0 |
| 13 നിത്യാരാധന 1ക്ക് | 2 | 0 | 0 |
| 14 പീയൂഷസംഗ്രഹം 1ക്ക | 0 | 10 | 0 |
| 15 ദിനചര്യം 1ക്ക് | 0 | 5 | 2 |
| 16 തിരുഹൃദനവണക്കം 1ക്ക് | 0 | 10 | 0 |
| 17 അത്ഭുതലിലിപുഷ്പം 1ക്ക് | 0 | 4 | 0 |
| 18 കുടുംബ പ്രതിഷ്ഠ 1ക്ക് | 0 | 2 | 0 |
| 19 സ്വർഗ്ഗപാഥ 1ക്ക് | 0 | 14 | 0 |
| 20 ഗൃഹസഖി 1ക്ക് | 0 | 6 | 0 |
| 21 പൂജസംഗ്രഹം 1ക്ക് | 0 | 2 | 0 |

### പടങ്ങൾ

| | | | | |
|---|---|---|---|---|
| 8×10 വലിപ്പം | ,, | 1 | 8 | 0 |
| 13×17 ടി | ,, | 4 | 8 | 0 |
| 16×20 ടി. | ,, | 6 | 12 | 0 |
| പ്രയർബുക്ക സയിസു പടങ്ങൾ | ,, | 0 | 0 | 6 |
| 240 പടമുള്ളപാളിപ്പടംപാളി ൧ക്ക | | 1 | 14 | 0 |

൮×10, 13×17, 16×20, ടി. വലിപ്പങ്ങളിൽ തിരുഹൃദയപ്രതിഷ്ഠയ്ക്കുതകുന്നതായ തിരുഹൃദയ പടങ്ങളും അത്ഭുതപ്രവത്തകനായ വി: അന്തോനീസ്, തിരുക്കുടുംബം, തങ്കവള്ളത്തോടുകൂടിയ മാതാവു മുതലായ പലതരം പടങ്ങളുമുണ്ട്.

P. Pappy and Co.
Mannanam, Travancore.